# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കായക്കൊടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 2/103/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 10/02/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കായക്കൊടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി 2/103/2023 തീയ്യതി: 10/02/2023

## കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 07-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. കെ.പി രത്നസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 09-01-2023 | 17-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-01-2023 | 17-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ബാലകൃഷ്ണൻ കെ.എം,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. ജയകുമാർ പാലോളി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. ദേവാനന്ദ് ടി,സീനി.ഗ്രേ.ഓഡിറ്റർ,
ശ്രീ. വിജേഷ് കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഷിജിൽ ഒ.പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. മനോജ് കെ | സെക്രട്ടറി | 01-04-2021 | 29-06-2021 |
| ശ്രീ. രാജീവൻ കെ | സെക്രട്ടറി | 30-06-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സിനികുമാരി പി | അസി.സെക്രട്ടറി | 01-04-2021 | 28-07-2021 |
| രഞ്ജിത് ആർ | അസി.സെക്രട്ടറി | 29-07-2021 | 31-03-2022 |
| ഡോ.സജിത സി.പി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.ഭവ്യ കെ.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ലിപിൻ എൽ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| കരുണൻ ടി.എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ടി. ഷാഹിത | മെഡിക്കൽ ഓഫീസർ, ഗവ .ആയുർവ്വേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ക്ലാര വി.ജെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 30-06-2021 |
| നീതു വർഗീസ് | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-07-2021 | 07-11-2021 |
| രജനി | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 08-11-2021 | 31-03-2022 |
| വിജയൻ കെ.കെ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീന വലിയ തയ്യിൽ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശിൽപ വർക്കി | കൃഷി ഓഫീസർ | 01-04-2021 | 14-04-2021 |
| ആർദ്ര എസ് | കൃഷി ഓഫീസർ | 15-04-2021 | 27-10-2021 |
| നസ്രീന സി | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ബ്ലസ്സിപോൾ | അസി.എഞ്ചിനീയർ | 01-04-2021 | 15-04-2021 |

| | | | |
|---|---|---|---|
| ഹജിപ്രസാദ് ബി | അസി.എഞ്ചിനീയർ | 16-04-2021 | 15-06-2021 |
| ജൂമി കെ.എം | അസി.എഞ്ചിനീയർ | 16-06-2021 | 06-10-2021 |
| ഹജിപ്രസാദ് ബി | അസി. എഞ്ചിനീയർ | 07-10-2021 | 15-12-2021 |
| സംഗീത ടി | അസി.എഞ്ചിനീയർ | 16-12-2021 | 31-03-2022 |
| മഹേഷ് കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ | 1-5-1 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 8 | പദ്ധതി അവലോകനം | 1-7 |
| 9 | കെട്ടിട നിർമ്മാണ അപേക്ഷകളിലെ ഭൂമിയുടെ തരം മാറ്റിയ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കുന്നില്ല | 1-8 |
| 10 | വാണിജ്യ കെട്ടിടത്തിന് വ്യവയായ കെട്ടിടത്തിന്റെ നികുതി കണക്കാക്കി -പഞ്ചായത്തിന് നികുതി നഷ്ടം | 1-9 |
| 11 | മറ്റ് വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കി എന്ന് ഉറപ്പിക്കാതെ ഇന്റസ്ട്രിയൽ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് അനുവദിച്ചു | 1-10 |
| 12 | വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-11 |
| 13 | മെയിന്റനെൻസ് ഗ്രാന്റ് റോഡ് പുതിയ റോഡ് നിർമ്മാണത്തിനുപയോഗിച്ചു. | 1-12 |
| 14 | പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർഫീ പഞ്ചായത്തിന് ലഭിച്ചില്ല. | 1-13 |
| 15 | ചെറിയ ചെയിനേജിലും അടങ്കലിലും പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നത് വഴി നഷ്ടം | 1-14 |
| 16 | ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ലാതെ ഫൈബർ കസേരകൾ വാങ്ങി | 1-15 |
| 17 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-16 |
| 18 | ഹരിത കർമ്മ സേന - വാഹനം വാടകയ്ക്ക് എടുക്കൽ -അപാകത | 1-17 |
| 19 | മാലിന്യ പരിപാലനം- ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-18 |
| 20 | പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടറുകൾക്ക് എ.എം.സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-19 |
| 21 | സ്നേഹസ്പർശം - പദ്ധതിയ്ക്കായി തുക കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-20 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തി - എഗ്രിമെന്റ് വെക്കാതെ ഇറിഗേഷൻ വകുപ്പിന് തുക കൈമാറി | 1-21 |

| | | |
|---|---|---|
| 23 | വെള്ളക്കരം - കുടിവെള്ള ടാപ്പുകളുടെ കണക്കെടുപ്പ് നടന്നിട്ട് അഞ്ചു വർഷം | 1-22 |
| 24 | പുഴപുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് | 1-23 |
| 25 | കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് രേഖയില്ല | 1-24 |
| 26 | എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-25 |
| 27 | പി.എം.എ.വൈ വിഹിതം കൈമാറൽ- വിനിയോഗ വിവരം ലഭ്യമായില്ല | 1-26 |
| 28 | തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-27 |
| 29 | വ്യത്യസ്ത പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി | 1-28 |
| ഭാഗം **2** | | |
| 1 | വാണിജ്യ കെട്ടിടത്തിന് വ്യവയായ കെട്ടിടത്തിന്റെ നികുതി കണക്കാക്കി -പഞ്ചായത്തിന് വികുതി നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ലാതെ ഫൈബർ കസേരകൾ വാങ്ങി | 3-1 |
| 2 | വ്യത്യസ്ത പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി | 3-2 |
| 3 | മാലിന്യ പരിപാലനം - ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 18.02.2021ലെ 01/01 നമ്പർ തീരുമാനപ്രകാരവും, പുതുക്കിയ ബജറ്റ് 25.02.2022ലെ 01/01 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 15604493 | 18803390 | +3198897 |
| വരവ് | 216481880 | 71001343 | - 145480537 |
| ആകെ | 232086373 | 89804733 | - 142281640 |
| ചെലവ് | 216462150 | 70381424 | - 146080726 |
| നീക്കിയിരിപ്പ് | 15624223 | 19423309 | +3799086 |

യാഥാതർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് ബജറ്റിലെയും വാർഷിക കണക്കിലെയും തുകകൾ തമ്മിലുള്ള വലിയ അന്തരത്തിൽ നിന്ന് വ്യക്തമാകുന്നു. ഗ്രാമപഞ്ചായത്തിന്റെ ജീവനക്കാര്യ ചെലവുകൾക്ക് പുതുക്കിയ ബജറ്റിൽ വകയിരുത്തിയതിനേക്കാൾ തുക ചെലവഴിച്ചതായി കാണുന്നു. ബജറ്റിൽ പ്രൊവിഷൻ ഇല്ലാതിരിക്കെ ഇത് സാധ്യമായതെങ്ങനെയെന്ന് വ്യക്തമല്ല. ആദ്യ ബജറ്റ് പുതുക്കിയ സമയം ഇക്കാര്യങ്ങളൊന്നും പരിഗണിച്ചിരുന്നില്ലെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

| ഇനം | ആദ്യ ബജറ്റ് | പുതുക്കിയ ബജറ്റ് | വാർഷിക കണക്ക് |
|---|---|---|---|
| 210 – ജീവനക്കാര്യ ചെലവ് | 14850000 | 2495000 | 3238129 |

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

4.പെർഫോമൻസ് ബജറ്റ്

5.ജെൻഡർ ബജറ്റ്

എന്നാൽ 2021-2022 സാമ്പത്തികവർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യുമെന്റ് ആയി സൂക്ഷിച്ചിട്ടില്ല. ബജറ്റ് രൂപീകരണത്തിലുണ്ടായ മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണാണ്.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 22.04.2022 |

1-3 വാർഷിക കണക്കിലെ അപാകതകൾ

കായക്കൊടി ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതു പ്രകാരമുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. കക്കട്ടിൽ സർവ്വീസ് സഹകരണ ബാങ്കിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ (എസ്.ബി അക്കൗണ്ട് നം. 64) 31.03.2022 ന് വരവ് വയ്ക്കപ്പെട്ട് പലിശ തുക 39,594/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. ബാലൻസ് ഷീറ്റിലെ B-7 ഷെഡ്യൂൾ പ്രകാരം Contractors Retention തുക 123432/- രൂപയാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഇത് 121192/- രൂപയാണ്.
3. റസീപ്റ്റ് & പേയ്മെന്റ്സ് സ്റ്റേറ്റ്മെന്റിലെ RP-40(a)ഷെഡ്യൂൾ പ്രകാരം SMGB-NREGS അക്കൗണ്ടിലെ OB 336262/- രൂപയാണ്. എന്നാൽ Bank Book/Statement പ്രകാരം ഇത് 344277/- രൂപയാണ്
4. റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-5 ഷെഡ്യൂൾ പ്രകാരം ടെണ്ടർ ഫോം വിൽപ്പന ഇനത്തിൽ 32,672/- രൂപ വരവുണ്ട്. എന്നാൽ വരവിന്റെ കൃത്യത ഉറപ്പുവരുത്തുന്ന രീതിയിൽ ടെണ്ടർ ഫോം വിൽപ്പന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ബാലൻസ്ഷീറ്റിലെ B-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. ബാലൻസ്ഷീറ്റിലെ B-14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിൽ 8,465/- രൂപ ബാലൻസുണ്ട് . ഇതിന്റെ ആധികാരികത പരിശോധിക്കാനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

7. ബാലൻസ്ഷീറ്റിലെ B-4 ഷെഡ്യൂൾ പ്രകാരം പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്ന സംയുക്ത പദ്ധതികൾക്കായിട്ടുള്ള ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങളുടെ പദ്ധതി, വർഷം എന്നിവ തിരിച്ചുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
8. ഇ-ടെണ്ടർ മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
9. മൂന്ന് വർഷം പിന്നിട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.
10. തനതു ഫണ്ട് അക്കൗണ്ടിൽ നിന്ന് നൽകിയിട്ടുള്ള മൂന്ന് മാസത്തിലധികമായി പണമാക്കാത്തതായ ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല
11. ഗ്രാമപഞ്ചായത്തിൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
12. അഡ്വാൻസ് രജിസ്റ്ററിൽ Advance To Implementing Officers, Temporary Advance For Official Purposes, Tour Travelling Advance എന്നിവയുടെ ആകെ തുകയല്ലാതെ അഡ്വാൻസ് കൈപ്പറ്റിയവരെ സംബന്ധിച്ച വിവരങ്ങൾ ചേർത്തിട്ടില്ല.
13. സാക്ഷരതാ പ്രേരകിന് നൽകിയ അഡ്വാൻസ് തുക Advance To Others ന് പകരം Advance To Implementing Officers എന്ന ഹെഡ്ഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.
14. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,88,03,390 |
| വരവ് | 7,10,01,343 |
| ആകെ | 8,98,04,733 |
| ചെലവ് | 7,03,81,424 |
| നീക്കിയിരിപ്പ് | 1,94,23,309 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14812101 | 14812101 | 13230685 | 1581416 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1352138 | 1352138 | 1337981 | 14157 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 12000 | 12000 | 0 | 12000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10153219* | 10153219 | 7173591 | 2979628 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 6606247 | 6606247 | 4258704 | 2347543 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (ട്രഷറി മുഖേന) [ACR പ്രകാരം] | 0 | 665697 | 665697 | 665697 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് (PFMS മുഖേന) [ACR പ്രകാരം] | 0 | 4439000 | 4439000 | 3509601 | 929399 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് (ട്രഷറി മുഖേന) [ACR പ്രകാരം] | 0 | 1906548 | 1906548 | 1906548 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺ ടൈഡ് (PFMS മുഖേന) [ACR പ്രകാരം] | 0 | 2959000 | 2959000 | 2959000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി. എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 6812481 | 6812481 | 6812481 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 344277 | 1097416 | 1441693 | 1390830 | 50863 |
| അനുപൂരക പോഷകാഹാരം | | 597275 | 1133788 | 1731063 | 1100000 | 631063 |
| ശുചിത്വമിഷൻ | | 5137628 | - | 5137628 | 487170 | 4650458 |
| കുടുംബശ്രീ | | 1250000 | 0 | 1250000 | 0 | 1250000 |
| ബി ഫണ്ട് | | 0 | 58051200 | 58051200 | 58051200 | 0 |

* മെയിന്റനൻസ് ഫണ്ട് (റോഡ്) ഇനത്തിൽ തൻവർഷം ലഭിച്ച 1,01,53,219/- രൂപയിൽ നിന്ന് 25,07,000/- രൂപ 26.02.2022ലെ ജി.ഒ(ആർ.ടി) 1345/2022/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ആയതിനനുസരിച്ച് ഗ്രാമപഞ്ചായത്ത് എ.സി.ആറിൽ മാറ്റം വരുത്തിയിട്ടില്ല.

## 1-5-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

ഐ.കെ.എം. തയ്യാറാക്കി നൽകിയ ഗ്രാന്റ് വിനിയോഗ പത്രിക പരിശോധിച്ചതിൽ വിവിധ മേഖലയിൽ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകൾ സുലേഖ ചെലവ് പത്രികയിൽ നിന്നും വ്യത്യാസപ്പെട്ടു കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

| മേഖല | ഫണ്ടിനം | ഗ്രാന്റ് പത്രികയിലെ തുക | ഐ.കെ.എം.ചെലവ് പത്രികയിലെ തുക |
|---|---|---|---|
| ഉത്പാദനം | വികസനഫണ്ട് ജനറൽ | 10506630 | 4142560 |
| സേവനം | വികസനഫണ്ട് ജനറൽ | 41988385 | 12869747 |
| | വികസനഫണ്ട് എസ്.സി.പി. | 2922019 | 1428019 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 1-6 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി5 പ്രകാരം 1,95,90,702/- രൂപ വായ്പയിനത്തിൽ തൻവർഷം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമാണ്. സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷാ രജിസ്റ്റർ,പരാതി രജിസ്റ്റർ, വിവരാവകാശ അപേക്ഷാ രജിസ്റ്റർ, എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഫിഷറീസ് സബ് ഇൻസ്പെക്ടർ പ്രോജക്ട് രജിസ്റ്റർ, ടി.ആർ 7 എ കേഷ് ബുക്ക് എന്നിവ സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുമുള്ള സ്ഥാപനങ്ങളുടെ ജീവനക്കാരുടെ വിവരങ്ങൾ കാണിക്കുന്ന മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. വെള്ളക്കരം, തെരുവുവിളക്ക് എന്നിവയുടെ രജിസ്റ്ററുകൾ സംയുക്ത പരിശോധന നടത്തി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത്രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന

നടപടിക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല.

## 1-7 പദ്ധതി അവലോകനം

തൻവർഷം 118 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 98 പ്രോജക്ടുകൾ നടപ്പിലാക്കി. 20 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 14812101 | 4812101 | 13230685 | 1581416 | 89.3 |
| വികസന ഫണ്ട് (എസ്.എസ്.പി) | 0 | 1352138 | 1352138 | 1337981 | 14157 | 98.95 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 12000 | 12000 | 0 | 12000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1906548 | 1906548 | 1906548 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 665697 | 665697 | 665697 | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 2959000 | 2959000 | 2959000 | 0 | 100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 4439000 | 4439000 | 3509601 | 929399 | 79 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7646219 | 7646219 | 7173591 | 472628 | 93.82 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 6606247 | 6606247 | 4258704 | 2347543 | 64.46 |
| ആകെ | 0 | 40398950 | 40398950 | 35041807 | 5357143 | 86.74 |

വികസന ഫണ്ടിനത്തിൽ ലഭിച്ച തുകയിൽ 86.74 ശതമാനം തുകയാണ് ചെവഴിച്ചത്. എസ്.സി.പി ഫണ്ട് മുഴുവൻ ചെലവഴിച്ചിട്ടില്ല. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, എന്നീ ഇനങ്ങളിൽ ലഭിച്ച തുകയിൽ 44,27,744/- ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുകയും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പ് വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി

അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 78 പുതിയ പ്രോജക്ടുകൾക്ക് 2021-22വർഷം വികസന സെമിനാറിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം 101 പുതിയ പ്രൊജക്ടുകൾ ഉൾപ്പെടെ 118 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായി കാണുന്നു. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾക്കും അംഗീകാരം ലഭിച്ചതായി കാണുന്നു. ഗ്രാമസഭയുടെ

അംഗീകാരം നേടിയ പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾക്കും 09.01.2017ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10/2017 ലെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾക്കും എതിരാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

ടി.എസ്.പി ഫണ്ട് ചെലവഴിച്ചില്ല

തൻവർഷം 12,000/- രൂപ ടി.എസ്.പി ഫണ്ട് ഇനത്തിൽ വരവ് വന്നതിൽ ഒരു തുകയും ചെലവഴിച്ചിട്ടില്ല. 2021-22 വർഷത്തെ അവസ്ഥാ രേഖ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിൽ 54 പട്ടിക വർഗ കുടുംബങ്ങളുണ്ട്. ടി.എസ്.പി ഫണ്ട് ചെലവഴിക്കാതെ നഷ്ടപ്പെടുത്തിയതിന് മറുപടി നൽകേണ്ടതാണ്.

1-8 കെട്ടിട നിർമ്മാണ അപേക്ഷകളിലെ ഭൂമിയുടെ തരം മാറ്റിയ രേഖകൾ അപേക്ഷയോടൊപ്പം ലഭ്യമാക്കുന്നില്ല

പഞ്ചായത്തിലെ കെട്ടിട നിർമ്മാണ പെർമിറ്റ്/കംപ്ലീഷൻ അപേക്ഷയിൽ ചുവടെ കൊടുത്ത കെട്ടിട നിർമ്മാണ പെർമിറ്റ്/ നമ്പറിംഗ് അപേക്ഷയിൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ആധാര പ്രകാരം “നഞ്ച” വിഭാഗത്തിൽപ്പെടുന്നതാണ്. അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പ്രസ്തുത സ്ഥലങ്ങളുടെ കൈവശ സർട്ടിഫിക്കറ്റിലും, ഭൂ നികുതി രസീതിലും സ്ഥലം പുരയിടം/ഡ്രൈ ലാന്റ് എന്നാണ് ഉള്ളത്. എന്നാൽ സ്ഥലം തരം മാറ്റിയ രേഖ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. കേരള നെൽവയൽ തണ്ണീർത്തട(ഭേദഗതി) നിയമം2018- പ്രകാരം നിലം വിഭാഗത്തിൽപ്പെടുന്ന ഭൂമി ആർ.ഡി.ഒ തരം മാറ്റി നൽകുമ്പോൾ 3000 ച.അടി വരെയുള്ള വാണിജ്യ കെട്ടിട നിർമ്മാണത്തിനാണ് ഫീ ഈടാക്കി നിർമ്മാണാനുമതി നൽകുന്നത്. ഇതിൽ അധികം നിർമ്മാണം നടത്തണമെങ്കിൽ ച.അടിയ്ക്ക് 100/-രൂപ നിരക്കിൽ സർക്കാരിൽ ഫീ അടയ്ക്കേണ്ടതാണ്. ഇതിനാൽ ഭൂമി തരം മാറ്റിയ ഉത്തരവ് ലഭ്യമാക്കാതെ കെട്ടിട നിർമ്മാണ പെർമിറ്റ്/ഒക്യുപ്പൻസി നൽകുന്നത് ശരിയായ നടപടിയല്ല.

| ക്രമ നം | അപേക്ഷകൻ | അപേക്ഷ | ഭൂമിയുടെ വിവരം | അപാകത |
|---|---|---|---|---|
| 1 | മൊയ്തു.ഡി, | കെട്ടിട | ആധാരം നം - | 1) ആധാരത്തിലെയും |

| | | | | |
|---|---|---|---|---|
| | പുത്തൻ പുരയിൽ, കടമേരി | നിർമ്മാണ പെർമിറ്റ് അപേക്ഷ (B1-4069/21 Dtd 19-11-21), അനുവദിച്ച കെട്ടി നിർമ്മാണ പെർമിറ്റ് നം- B1-BA(30131)/2021 Dtd 01-09-2021, കെട്ടിട വിസ്തീർണ്ണം-572.23m$^2$ (വാണിജ്യം) | 1662/1 Year 1974 ആധാരത്തിലെ സ്ഥല വിസ്തീർണ്ണം-62.4 ആർ, കൈവശത്തിലെയും നികുതി രസീറ്റിലെയും സ്ഥല വിസ്തീർണ്ണം-50.69 ആർ. ആധാരത്തിലെ സർവ്വെ നം -58/3, കൈവശത്തിലെ റി.സ നം 189/9 | കൈവശത്തിലെയും സ്ഥല അളവുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. 2) ആധാരത്തിൽ സ്ഥലം നഞ്ച എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 3) തരം മാറ്റിയ ഉത്തരവ് ഫയലിൽ ഇല്ല. |
| 2 | രാജീവൻ, പാറയ്ക്കൽ മീത്തൽ | ക്രമവൽക്കരണ അപേക്ഷയാണ്. അനുവദിച്ച കെട്ടിട നമ്പർ- 9/234 A ,B,C,D,G,H , കെട്ടിട വിസ്തീർണ്ണം-270.002m$^2$ (126.61-വാണിജ്യം, 143.391 റസിഡൻഷ്യൽ) | ആധാരം നം - 738/1 Year 2006 ആധാരത്തിലെ സ്ഥല വിസ്തീർണ്ണം-10.31ആർ, കൈവശത്തിലെയും നികുതി രസീറ്റിലെയും സ്ഥല വിസ്തീർണ്ണം-10.4 ആർ. ആധാരത്തിലെ റിസർവ്വെ നം – 35/11, കൈവശത്തിലെ റി.സ നം 35/21 | 1) ആധാരത്തിലെ പട്ടിക പ്രകാരം സ്ഥലം നിലം വിഭാഗത്തിലാണ് ഉൾപ്പെടുന്നത് 2) തരം മാറ്റിയ ഉത്തരവ് ഫയലിൽ ഇല്ല. |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/21-22) മറുപടി

ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിട ഉടമകളിൽ നിന്നും ഭൂമി തരം മാറ്റിയ ഉത്തരവ് ലഭ്യമാക്കേണ്ടതും അധിക നിർമ്മാണം നടത്തിയോ എന്ന് പരിശോധിച്ച് ആയതിന്റെ ഫീ അടവാക്കി എന്ന് ഉറപ്പ് വരുത്തേണ്ടതും വിശദവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. കെട്ടിട നിർമ്മാണ അപേക്ഷകളിലെ ഭൂമിയുടെ തരം സംബന്ധിച്ച് ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള അവ്യക്തതകൾ ഉള്ളതായി ബോധ്യപ്പെടുന്ന പക്ഷം വ്യക്തതയ്ക്കായി റവന്യൂ വിഭാഗത്തിൽ നിന്നും വിവരം ആവശ്യപ്പെടേണ്ടതാണ്.

1-9 വാണിജ്യ കെട്ടിടത്തിന് വ്യവയായ കെട്ടിടത്തിന്റെ നികുതി കണക്കാക്കി -പഞ്ചായത്തിന് നികുതി നഷ്ടം

ശ്രീ.അബ്ദുറഹിമാൻ ഹാജി, കരുവങ്കണ്ടിയിൽ, വട്ടോളി എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് കംപ്ലീഷൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2021 രണ്ടാം അർദ്ധ വർഷം മുതൽ '7/82 B, 7/82C' എന്നീ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ കംപ്ലീഷൻ പ്ലാനിലും എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറുടെ പരിശോധനാ റിപ്പോർട്ടിലും കെട്ടിടം വാണിജ്യ കെട്ടിടം എന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും '7/82 B' നമ്പർ കെട്ടിടഭാഗത്തിന് (267.01M2) ഇതര വ്യവയായ കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് വച്ചാണ് നികുതി കണക്കാക്കി ഈടാക്കി വരുന്നത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | കണക്കാക്കിയ നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി | നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|
| 7/82 B | വിസ്തീർണ്ണം-<br>267.01M$^2$<br>നികുതിനിരക്ക്-<br>വ്യവയായം-<br>60/m$^2$<br>മേഖല – പ്രഥമം<br>വഴി- 5mtr- 20% വർധന<br>തറ നിർമ്മിതി-15% വർധന | വിസ്തീർണ്ണം-<br>267.01M$^2$<br>നികുതിനിരക്ക്-<br>വ്യവയായം-<br>70/m$^2$<br>മേഖല – പ്രഥമം<br>വഴി- 5mtr- 20% വർധന<br>തറ നിർമ്മിതി-15% വർധന | 3604+ 180(LC)<br>2021-22 രണ്ടാം അർദ്ധ വർഷം മുതലാണ് നികുതി ഈടാക്കിയിരിക്കുന്നത്, ഇതിനാൽ 2021-22ലെ നഷ്ടം= 1802+90(LC) |

| | | | |
|---|---|---|---|
| | കണക്കാക്കിയ നികുതി = 267.01x60=16021/- വർദ്ധന ആകെ 35%= 5608/- ആകെ അടിസ്ഥാന നികുതി =21629/- LC=1082/- | കണക്കാക്കിയ നികുതി = 267.01x70=18691/- വർദ്ധന ആകെ 35%= 6542/- ആകെ അടിസ്ഥാന നികുതി =25233/- LC=1262/- | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കിയതിലെ അപാകത പരിഹരിച്ച് കുറവ് വന്ന നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**1-10 മറ്റ് വകുപ്പുകളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കി എന്ന് ഉറപ്പിക്കാതെ ഇന്റസ്ട്രിയൽ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് അനുവദിച്ചു**

ശ്രീ.സവാദ്.കെ.കെ, കൊമ്പറക്കണ്ടിയിൽ എന്നവരുടെ 87.54M$^2$ വിസ്തീർണ്ണമുള്ള ഇന്റസ്ട്രിയൽ ഗണത്തിൽപ്പെടുന്ന (Group-G1) കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 17-03-22ൽ B1-BA (96788/22) നമ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. ഗ്രൂപ്പ് G1ഗണത്തിൽപ്പെട്ട ഈ കെട്ടിടത്തിന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പരിഗണിക്കാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ എൻ.ഒ.സി ലഭ്യമാകുന്നതാണ് എന്ന് കെട്ടിട ഉടമയിൽ നിന്നും മുദ്രപ്പത്രത്തിൽ സാക്ഷ്യപത്രം വാങ്ങി സെക്രട്ടറി നിർമ്മാണ പെർമിറ്റ് അനുവദിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ(ആർ.എ) വകുപ്പ്, നം.46871/ ആർ.എ1/2014/ത.സ്വ.ഭ.വ, തീ-22-08-2014നമ്പർ സർക്കുലർ പ്രകാരം കെട്ടിട നിർമ്മാണ അനുമതി നൽകുന്നതിന് മുൻപായി മറ്റ് വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രങ്ങൾ ലഭ്യമാക്കിയതിന് ശേഷം മാത്രമെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണാനുമതി നൽകാവൂ എന്ന് നിർദ്ദേശിക്കുന്നു. . കെട്ടിട നിർമ്മാണം പൂർത്തിയായിട്ടും മറ്റ് വകുപ്പുകളിൽ നിന്നും എൻ.ഒ.സി കിട്ടാത്ത സാഹചര്യങ്ങൾ ഉണ്ടാവുന്നത് മൂലം നിക്ഷേപകന് സാമ്പത്തിക നഷ്ടം ഉണ്ടാവാതിരിക്കുന്നതിനും ഇപ്രകാരം എൻ.ഒ.സി ലഭ്യമാവാത്ത കെട്ടിടങ്ങളെ അനധികൃത കെട്ടിടമായി

കണക്കാക്കാതിരിക്കുന്നതിനും വേണ്ടിയാണ് ഈ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (16/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിന് മുൻപ് മറ്റു വകുപ്പുകളിൽ നിന്നും എൻ.ഒ.സി ലഭ്യമാക്കിമാത്രം പെർമിറ്റ് അനുവദിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-11 വായ്പാ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കായക്കൊടി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം സെക്രട്ടറിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന ജി.ഒ പ്രോജക്ടുകൾ പ്രകാരം ലൈഫ് മിഷൻ വായ്പയുടെ മുതൽ ഇനത്തിൽ ആകെ 16,13,334/- രൂപയുടെ തിരിച്ചടവ് ഉണ്ട്.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റ് | തുക |
|---|---|---|---|
| 1 | 132/21-22 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 7,62,667 |
| 2 | 133/21-22 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 22,000 |
| 3 | 149/21-22 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 8,05,648 |
| 4 | 150/21-22 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 23,019 |
| ആകെ | | | 16,13,334/- |

2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ബി-5 ഷെഡ്യൂൾ പ്രകാരം KURDFCയിൽ നിന്ന് വായപയെടുത്ത വകയിൽ ഗ്രാമപഞ്ചായത്തിന് 1,95,90,702/- രൂപയുടെ ബാധ്യതയുണ്ട്. വായ്പ ഇനത്തിൽ വലിയ തുക തിരിച്ചടയ്ക്കാനുണ്ടെങ്കിലും നാളിതുവരെ തിരിച്ചടച്ച തുക, തിരിച്ചടയ്ക്കാൻ ശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്താൻ ആവശ്യമായ വായ്പാ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ കൃത്യമായി സൂക്ഷിക്കുന്നില്ല. വായ്പാരജിസ്റ്റർ തയ്യാറാക്കി കാലികമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 മെയിന്റനൻസ് ഗ്രാന്റ് റോഡ് പുതിയ റോഡ് നിർമ്മാണത്തിനുപയോഗിച്ചു.

പ്രോജക്ട് നം-54

അടങ്കൽ -499000

ചെലവ് -498738 (ബിൽ നം- 201/18-03-22)

2021-22 വാർഷിക പദ്ധതിയിൽ മാമ്പൊയിൽമുക്ക് – അയിലാട്ടുതാഴെ കനാൽറോഡ് പ്രവൃത്തിക്കുവേണ്ടി മെയിന്റനെൻസ് ഫണ്ട് റോഡ് ഇനത്തിൽ 4,99,000/- രൂപ വകയിരുത്തി റോഡ് നിർമ്മാണം നടത്തിയിട്ടുണ്ട്. പ്രസ്തുത റോഡ് 54.3മീറ്റർ നീളത്തിൽ പുതിയ താറിംഗ് ചെയ്യേണ്ടതായിട്ടുണ്ട് എന്ന അസിസ്റ്റന്റ് എഞ്ചിനീയർ എൽ.എസ്.ജി.ഡി റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ വാർഡിൽ മെയിന്റനൻസ് ഫണ്ട്- റോഡ് ഇനത്തിൽ പ്രവൃത്തി നടത്താൻ മറ്റ് റോഡുകൾ ഇല്ലാത്ത തിനാലും ഈറോഡ് വളരെ അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടതിനാലും പ്രസ്തുതഫണ്ട് ഉപയോഗിച്ച് മേൽ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വേണ്ടി അസിസ്റ്റന്റ് എഞ്ചിനീയരെ ചുമതലപ്പെടുത്താൻ ഭരണസമിതിയുടെ 18-09-21 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരമാണ് പദ്ധതിരൂപീകരിച്ചത്. എന്നാൽ പഞ്ചായത്തിൽ മെയിന്റനെൻസ് ഗ്രാന്റ് ഉപയോഗിച്ച് പുനരുദ്ധാരണം ആവശ്യമുള്ള റോഡുകൾ ഇല്ല എന്ന് ഭരണസമിതിതീരുമാനിക്കുന്നമുറക്കേ മെയിന്റനെൻസ് ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിനായി വിനിയോഗിക്കാൻ പാടുള്ളൂ. കൂടാതെ പഞ്ചായത്തിൽ അടിയന്തര അറ്റകുറ്റപണികൾ ആവശ്യമുള്ള റോഡുകൾ ഇല്ല എന്ന് കസ്റ്റോഡിയൻ ഓഫീസറായ അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല. ഇതിൽ നിന്നും ഓഡിറ്റ് വർഷം അടിയന്തിര അറ്റകുറ്റപണികൾ ആവശ്യമുള്ള റോഡുകൾഉണ്ടായിരിക്കാമെന്നും ഇവയ്ക്കായി മെയിന്റനെൻസ് ഫണ്ട് വനിയോഗിക്കാതെ വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ചാണ് 2021-22 വർഷം റോഡ് നിർമ്മാണ പുനരുദ്ധാരണ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുകയാണ് ചെയിതിട്ടുള്ളത് എന്നും വ്യക്തമാവുന്നു. റോഡ് പുനരുദ്ധാരണ പ്രവൃത്തികൾക്ക് ഫണ്ട് ആവശ്യമില്ലെന്ന് വാസ്തവ വിരുദ്ധമായി തീരുമാനം എടുത്ത മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് പുതിയ റോഡ് നിർമ്മിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

1-13 പൊതുമരാമത്ത് പ്രവൃത്തികളുടെ ഇ-ടെണ്ടർഫീ പഞ്ചായത്തിന് ലഭിച്ചില്ല.

ഓഡിറ്റ് വർഷം എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചാണ് കരാറുകാരെ തീരുമാനിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നം | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ടെണ്ടർ ഫീ | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ | ഇ-ടെണ്ടർഫീ ഇനത്തിൽ ലഭിക്കാനുള്ള |
|---|---|---|---|---|---|

| | | | | എണ്ണം | തുക |
|---|---|---|---|---|---|
| 18 | മുട്ടനട കനാൽ റോഡ് | 570000 | 1018 | 5 | 5090 |
| 109 | ഇരുളൻ ചുണ്ടക്കാട് റോഡ് | 510000 | 910 | 4 | 3640 |
| 118 | യൂ.പി.സ്കൂൾ പരപ്പ് റോഡ് | 577000 | 1030 | 3 | 3090 |
| 60 | കുടുംബാരോഗ്യകേന്ദ്രം കെട്ടിടം നവീകരണം | 1119000 | 1998 | 3 | 5994 |
| 128 | കരണ്ടോട് .ജി.എൽ.പിസ്കൂൾ ടേയ് ലറ്റ് നിർമ്മാണം | 100000 | 1300 | 3 | 3900 |
| 125 | അംഗൺ വാടി കെട്ടിടനിർമ്മാണം | 3000000 | 5352 | 3 | 16056 |
| 140 | സബ്സെന്റർ നവീകരണം | 700000 | 1243 | 3 | 3729 |
| 122 | എം.സി.എഫ് നവീകരണം | 600000 | 1200 | 2 | 2400 |

അസിസ്റ്റന്റ് എഞ്ചിനീയർ ഇ-ടെണ്ടർ നടത്തിയ മേൽ പൊതുമരാമത്ത് പ്രവൃത്തികളിലെ ടെണ്ടർ ഫീ നിലവിൽ കോഴിക്കോട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ ബാങ്ക് അക്കൗണ്ടിലാണ് കരാറുകാർ അടവാക്കിവരുന്നത്. പഞ്ചായത്ത് പൊതു മരാമത്ത് പ്രവൃത്തി കളുടെ ഇ-ടെണ്ടർഫീ തുക പഞ്ചായത്തിന്റെ തനത് വരുമാനത്തിൽപ്പെടുന്നതാ കയാൽ ആയത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ എക്കൗണ്ടിൽനിന്നും പഞ്ചായത്തിന് ലഭിക്കേണ്ടതാണ്. ആയത് ലഭിച്ചതായി കാണുന്നില്ല. മുൻ വർഷങ്ങളിലും ഇത്തരത്തിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകകൾ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയരുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ല. നാളിതുവരെയായി ഇത്തരത്തിൽ ടെണ്ടർഫീ ഇനത്തിൽ ലഭിക്കാനവശേഷിക്കുന്ന തുകകൾ കണക്കാക്കി ആയത് തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 ചെറിയ ചെയിനേജിലും അടങ്കലിലും പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നത് വഴി നഷ്ടം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച് നടപ്പാക്കിയ പൊതു മരാമത്ത് പദ്ധതികളിൽ താഴെ പറയുന്ന അഞ്ച് പ്രവൃത്തികളിൽ ഇ-ടെണ്ടർ മുഖേനയാണ് കരാറുകാരെ കണ്ടെത്തിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | അടങ്കൽ | കരാർ തുക + 12% GST | ടെണ്ടർ സേവിംഗ്സ് |
|---|---|---|---|---|
| 1 | മുട്ടനട കനാൽ റോഡ് പ്രോജക്ട്-18 | 570000 | 505370 | 64630 |
| 2 | ഇരുളൻ ചുണ്ടക്കാട് റോഡ് പ്രോജക്ട്-108 | 510000 | 443655.07 | 66344.93 |
| 3 | യൂ.പി.സ്കൂൾ പരപ്പ്റോഡ് പ്രോജക്ട്-118 | 577000 | 550724.93 | 26275.07 |
| 4 | കുടുംബാരോഗ്യകേന്ദ്രം കെട്ടിടം നവീകരണം പ്രോജക്ട്-60 | 1119000 | 1062753.65 | 56246.35 |
| 5 | കരണ്ടോട് ജിഎൽപിസ്കൂൾ ടോയ്ലെറ്റ് നിർമ്മാണം പ്രോജക്ട്-128 | 1000000 | 694585.06 | 305414.94 |

ഇ-ടെണ്ടർ നടത്തിയ മേൽ അഞ്ച് പദ്ധതികളിലും കരാറുകാർ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറവ് തുക ക്വാട്ട് ചെയ്തത് വഴി ആകെ 518911.29/- രൂപ പഞ്ചായത്തിന് ടെണ്ടർ സേവിംഗ്സ് ഉണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷം ആകെ 30 പൊതുമരാമത്ത് പ്രവൃത്തികൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർ കരാറിൽ ഏർപ്പെട്ടതിൽ മാന്വൽ ടെണ്ടർ മുഖാന്തിരം കരാറുകാരെ കണ്ടെത്തിയ 12 പൊതുമരാമത്ത് പ്രവൃത്തികളും 499000 അടങ്കലിലുള്ള റോഡ് നിർമ്മാണ പുനരുദ്ധാരണ പ്രവൃത്തികളാണ് .മാന്വൽ ടെണ്ടറി ലൂടെ കരാറുകാരെ കണ്ടെത്തിയ മേൽ പ്രവൃത്തികളിലെല്ലാം തന്നെ ടെണ്ടറിൽ പങ്കെടുത്ത കരാറുകാർ 9% വും അതിൽ കൂടുതലും അധികനിരക്ക് പ്രവൃത്തികൾക്കായി ക്വാട്ട്ചെയ്യുകയും കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി എസ്റ്റിമേറ്റ് നിരക്കിൽ പ്രവൃത്തി ചെയ്യുന്നതിനായി നെഗേഷിയേറ്റ് ചെയ്യുകയും ചെയ്താണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇതിൽ നിന്നും ഇ-ടെണ്ടർ ഒഴിവാക്കാൻവേണ്ടി 500000/- രൂപയിൽ താഴെ അടങ്കലിൽ പദ്ധതികൾ രൂപീകരിക്കുകയും മാന്വൽ ടെണ്ടറിലൂടെ കരാറുകാരെ തീരുമാനിച്ച് പ്രവൃത്തികൾ നിർവ്വഹിക്കുകയുമായിരുന്നു എന്ന് വ്യക്തമാവുന്നു. ഇത് വഴി ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ടെണ്ടർ സേവിംഗ്സ് പഞ്ചായത്തിന് നഷ്ടപ്പെടുന്നതിനിടയാക്കിയതായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ പ്രവൃത്തികളെല്ലാം തന്നെ ഒരു റോഡിലെ ഭാഗിക പ്രവൃത്തികളാണെന്നിരിക്കെ കുറഞ്ഞ ചെയിനേജിലും അടങ്കലിലും പൊതുമരാമത്ത് പദ്ധതികൾ തയ്യാറാക്കിയത് ഇ-ടെണ്ടറിലൂടെ യല്ലാതെ കരാറുകാരെ കണ്ടെത്തി പ്രവൃത്തി നിർവ്വഹിക്കുക എന്നലക്ഷ്യത്തിലാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-15 ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ലാതെ ഫൈബർ കസേരകൾ വാങ്ങി

പ്രോജക്ട് നം-34

അടങ്കൽ -200000

ചെലവ് -200000(ബിൽ നം- 134/14-01-22)

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർ വൈസർ

ഗ്രാമപഞ്ചായത്തിലെ 25 അങ്കണവാടികളിലും 20 ഫൈബർ കസേരകൾ വീതം ടെണ്ടർ, ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി യിരുന്നത്. എന്നാൽ 2021 സപ്തംബർ 29 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയോഗത്തിലെ മൂന്നാമത് തീരുമാന പ്രകാരം ഫൈബർ അങ്കണവാടികൾക്ക് കസേരകൾ ടെണ്ടർ നടപടികളിലൂടെ വാങ്ങു ന്നതിനായി തീരുമാനിക്കുകയും അയത് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ആകെ നാല് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ ഫിഡ്കോ എന്റർപ്രൈസസ്സ് ഒളവണ്ണ എന്ന സ്ഥാപനം

പദ്ധതിക്കായി സമർപ്പിച്ച നീൽകമൽ ആംമ്ഡ് ചെയർ (മോഡൽ നമ്പർ 2160) ഒരെണ്ണത്തിന് 667/- രൂപ നിരക്ക് പ്രകാരം 300 കസേരകൾ വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥ 25 അങ്കണവാടികൾക്കായി വിതരണം ചെയ്തിട്ടുണ്ട് (ഇനേവോയ്സ് നം- FE/21-22/312 തീയ്യതി- 08.01.2022). ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ടെണ്ടറിൽ പങ്കെടുത്ത അസ്സീം ഡിസൈനേഴ്സ് & ഇൻറ്റീരിയേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ നീൽകമൽ ഫൈബർ ആംമ്ഡ് ചെയർ മോഡൽ നം- 2160,2161 എന്നിവയ്ക്കായി ക്വാട്ട് ചെയ്ത തുക ഒന്നിന് 617/-രൂപയാണ്. ആയത് പരിഗണിക്കാതെയാണ് അതേ മോഡൽ കസേര ഒന്നിന് 667/- രൂപ നിരക്കിൽ 300 എണ്ണം ഫിഡ്കോ എന്റർ പ്രൈസിൽ നിന്നും വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥ അങ്കണവാടികൾക്ക് വിതരണം നടത്തിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുറഞ്ഞ ടെണ്ടർ പരിഗണിക്കാത്തതുകാരണം ഒരു കസേരക്ക് 50 രൂപ പ്രകാരം 300 കസേരകൾക്കായി അധികം ചെലവഴിച്ച 15,000/- രൂപ അധികചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. 15,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## 1-16 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

(എ) കൃഷി ഓഫീസർ തൻവർഷം നേന്ത്രവാഴ കന്ന് വിതരണം, ഇടവിള കിറ്റ് വിതരണം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| | |
|---|---|
| നേന്ത്രവാഴ കന്ന് വിതരണം<br>പ്രോജക്ട് നമ്പർ - 25/21-22<br>ചെലവ്-179025(ബിൽ നം. 128/14.1.22) | ഇടവിള കിറ്റ് വിതരണം<br>പ്രോജക്ട് നമ്പർ -51/21-22<br>ചെലവ്-(ബിൽ നം. 165/9.2.22) |

വാഴക്കന്നുകളും ഇടവിള കിറ്റുകളും റെയ്ഡ്കോയിൽ നിന്നാണ് വാങ്ങിയത്. 770 കർഷകർക്ക് 15 വാഴക്കന്നുകൾ വീതം വിതരണം ചെയ്തതായി കാണുന്നു. കൂടാതെ 500 രൂപ വില വരുന്ന ഇടവിള കിറ്റുകൾ 800 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു. നടീൽ വസ്തുക്കൾ, കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വിതരണ അതോറിറ്റി, വി.എഫ്.പി.സി കെ, സഹകരണബാങ്കുകളുടെ നേതൃത്വത്തിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കർഷകസേവന കേന്ദ്രങ്ങൾ, എന്നിവിടങ്ങളിൽ നിന്നുള്ള ലഭ്യത പരിശോധിക്കാതെ റെയ്ഡ്കോയിൽ നിന്ന് നേരിട്ട് വാങ്ങിയതിനുള്ള കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. റെയ്ഡ്കോ സമർപ്പിച്ച ബില്ലിൽ കിറ്റുകളുടെ എണ്ണവും വിലയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്തൊക്കെ വിത്തുകളാണ് വിതരണം

ചെയ്തതെന്ന് റെയ്ഡ്കോയുടെ ബില്ലിൽ പരാമർശിച്ചിട്ടില്ല. വിത്തുകൾ/നടീൽ വസ്തുക്കൾ റെയ്ഡ്കോ ഉൽപാദിപ്പിച്ചവയാണെന്നുള്ള രേഖകൾ പരശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സ.ഉ(കൈ) നം.22/2018 /തസ്വഭവ തീയതി 14.02.2018 ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ കർഷകരുടെ സ്ഥല വിസ്തൃതി പരിഗണിക്കാതെ എല്ലാവർക്കും 15 വാഴക്കന്ന് വീതവും ഓരോ കിറ്റ് വീതവും വിതരണം ചെയ്തതായി കാണുന്നു. ഇത് വിള വർദ്ധനവ് എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ഉതകുന്നതല്ല. വിതരണം ചെയ്ത വിത്തുകൾ കാർഷികാവശ്യത്തിന് ഉപയോഗിച്ചുവെന്നും ഈ മേഖലയിലെ വിള വർദ്ധനവിന് സഹായകരമായെന്നും ഉറപ്പു വരുത്തുന്ന എന്തെങ്കിലും പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥനോ വർക്കിംഗ് ഗ്രൂപ്പോ നടത്തിയതായി കാണുന്നില്ല.

കാർഷിക മേഖലയിൽ സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുതകുന്ന പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിള വർദ്ധനവ് എന്ന ലക്ഷ്യത്തിന് പകരം വ്യക്തികൾക്ക് എന്തെങ്കിലും ആനുകൂല്യം നൽകുക എന്ന ലക്ഷ്യത്തോടെ പദ്ധതി തയ്യാറാക്കിയതാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം.

<u>(ബി) പദ്ധതികൾ നടപ്പിലാക്കിയില്ല</u>

തൻവർഷം കാർഷിക മേഖലയിൽ 10 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 4 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്. 2166925/- രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 873525/- രൂപ മാത്രമാണ് (40%) ചെലവഴിച്ചത്. നെൽകൃഷി വികസനം, കേരകൃഷി വികസനം എന്നീ മേഖലകളിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

<u>1-17 ഹരിത കർമ്മ സേന - വാഹനം വാടകയ്ക്ക് എടുക്കൽ -അപാകത</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

1) പ്രോജക്റ്റ് നം - 107/21-22

പ്രാജക്റ്റിന്റെ പേര് - ഹരിത കർമ്മസേന രൂപീകരണം

വകയിരുത്തിയ തുക – 483994/- (Dev-Gnl)

ചെലവഴിച്ച തുക - 483994/-

Bill No- 1) 2/21-22 Dtd 24/9/21 തുക - 41800/-

2) 4/21-22 Dtd 26/11/21 തുക -101200/-

സ്പിൽ ഓവറായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കുകയും വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. കായക്കൊടി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും ഹരിത കർമ്മ സേന ശേഖരിച്ചു വച്ച അജൈവ മാലിന്യങ്ങൽ നിശ്ചിത കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് വാഹനം, ഇന്ധനം, ഡ്രൈവർ ഉൾപ്പടെ ലഭ്യമാക്കുന്നതിന് വി.ഇ.ഒ 28-02-2020ന് ക്വട്ടേഷൻ വിളിക്കുകയും കുറവ് തുക (2200/- രൂപ) ക്വോട്ട് ചെയ്ത ശ്രീ. രാജേഷ്.എൻ.കെ, നീലേച്ചു കുന്നമ്മൽ (വണ്ടി നം. KL-18F 7730 BOLERO) എന്നവരുടെ ക്വട്ടേഷൻ ഭരണ സമിതി തീരുമാനപ്രകാരം (തീരു.നം.3/3.4 Dtd 18-2-21) അംഗീകരിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 27-2-21 മുതൽ 2-9-2021വരെ 65 ദിവസം വാഹനം ഓടിയ വകയിൽ 143,000/-രൂപ ഇദ്ദേഹത്തിന് നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) ക്വട്ടേഷൻ വിളിച്ചിരിക്കുന്നത് 28-02-2020 നാണ്. ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയായി നോട്ടീസിൽ നൽകിയിരിക്കുന്നത് 03-03-2020 തീയതിയാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നതിന് 4 ദിവസമാണ് അനുവദിച്ചിരിക്കുന്നത്. കേരള പഞ്ചായത്ത്രാജ് പ്രൊക്യൂർമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം 7 ദിവസം ക്വട്ടേഷൻ സമർപ്പിക്കാൻ അനുവദിക്കേണ്ടതാണ്.

2) സമർപ്പിച്ചതായി പറയുന്ന 3 ക്വട്ടേഷനുകളും ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത്.

3) 03-03-2020ന് സമർപ്പിച്ച ക്വട്ടഷൻ ഭരണ സമിതി അംഗീകരിക്കുന്നത് 11 മാസം കഴിഞ്ഞ് 18-02-2021നാണ്.

4) കരാർ ലഭിച്ച ശ്രീ. രാജേഷ്.എൻ.കെ എന്നവർ 200/- രൂപയുടെ സ്റ്റാമ്പ് പേപ്പർ സർപ്പിച്ചതല്ലാതെ ഇതിൽ നിബന്ധനകളൊന്നും എഴുതി ചേർത്ത് കരാറിലേർപ്പെട്ടിട്ടില്ല.

5) ആകെ 65 ദിവസം വാഹനം ഓടിയതായി ഹരിത കർമ്മ സേന സാക്ഷ്യപ്പെടുത്തി നൽകിയ തീയതികൾക്കാണ് തുക നൽകിയിരിക്കുന്നത്. എന്നാൽ ഇതിലെ ഓരോ ദിവസവും വാഹനം എത്ര കിലോമീറ്റർ ഓടി എന്ന് വ്യക്തമായ ട്രിപ്പ് ഷീറ്റ് ബില്ലിനോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

6) ക്വട്ടേഷൻ വിളിച്ചതിലോ പഞ്ചായത്ത് തീരുമാനത്തിലോ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് കിലോമീറ്റർ ഉൾപ്പെടുന്ന നിബന്ധനകൾ വച്ചിട്ടില്ല. ഇതിനാൽ തന്നെ കുറച്ച് ദൂരം ഓടുന്ന ദിവസങ്ങളിലും കരാർ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7) 02-09-2021ന് ശേഷം വാർഡുകളിൽ നിന്നും ക്ലീൻ കേരള കമ്പനിയാണ് നേരിട്ട് സോർട്ട് ചെയ്യാത്ത

പ്ലാസ്റ്റിക് മാലിന്യം എടുത്തിട്ടുള്ളത്. അതിനാൽ ഇവ റിജക്റ്റഡ് വേസ്റ്റ് ആയാണ് പോയിട്ടുള്ളത്. തരം തിരിക്കാതെ ഇപ്രകാരം കയറ്റിപ്പോവുന്ന പുനരുപയോഗ യോഗ്യമായ പ്ലാസ്റ്റിക്കിന്റെ വില ഹരിത കർമ്മ സേനയ്ക്ക് ലഭിക്കാതിരിക്കുന്നതിനും ഇത് കാരണമാകുന്നു. വാടകയ്ക്കെടുത്ത വാഹനം സാമ്പത്തിക വർഷം മുഴുവനും ഉപയോഗപ്പെടത്തക്കരീതിയിൽ പദ്ധതി തുക വകയിരുത്തുകയും കരാറുണ്ടാക്കുകയും ചെയ്തിരുന്നെങ്കിൽ ഈ അപാകത ഒഴിവാക്കാമായിരുന്നു.

8)പഞ്ചായത്തിൽ മിനി എം സി എഫുകൾ ഒന്നും ഇല്ല. ഒരു എം സി എഫ് യൂണിറ്റാണുള്ളത്. ഇതിൽ വാട്ടർ കണക്ഷനോ ഇലക്ട്രിസിറ്റി കണക്ഷനോ ഇല്ല. 21-22ൽ എം.സി.എഫ് നവീകരണകരണത്തിന് പദ്ധതി വെച്ചെങ്കിലും ഇത് പൂർത്തീകരിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (1/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-18 മാലിന്യ പരിപാലനം- ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ-പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

1) പ്രോജക്റ്റ് നം- 112/21-22

വകയിരുത്തിയ തുക – 1619500/- (CFC)

ചെലവഴിച്ച തുക - 1619500/- (Bill No-103 Dtd 13-12-21)

2) പ്രോജക്റ്റ് നം- 147/21-22

വകയിരുത്തിയ തുക – 1517412- (711502/-Dev-Gnl + 805910/- CFC)

ചെലവഴിച്ച തുക - 805910/- ( CFC)

Bill No- ....1066246 Dtd 5-2-22, Rs. 550097/-

Bill No-..... 1476935 Dtd 26-3-22 Rs. 255813/-

അജൈവ മാലിന്യം (റിജക്റ്റഡ് വേസ്റ്റ്) ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതിനാണ് മേൽ രണ്ട് പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതികൾക്കായി ആകെ 3,136,912/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 2,425,410/- രൂപ മേൽ ബില്ലുകൾ പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ക്ലീൻ കേരള കമ്പനി എം.ഡിയുടെ 8-10-21 ലെ D21/CKCL/21നമ്പർ കത്ത് പ്രകാരം

പുനചംക്രമണയോഗ്യമല്ലാത്ത 265,840 കിലോ അജൈവ മാലിന്യം നീക്കം ചെയതതായും ഇവയ്ക്ക് കിലോയ്ക്ക് 10/-രൂപ നിരക്കിലും 18%ജി.എസ്.ടി യും ഉൾപ്പടെ 3,136,912/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ഇൻവോയിസ് (Invoice No. D22/SER 21-22/240 Dtd 8/10/21) ഉം ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 265,840 കിലോ മാലിന്യം കയറ്റിയതിന്റെ വേയ്ബ്രിഡ്ജ് രസീറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇത് ഉത്തരവാദപ്പെട്ടവർ പരിശോധിച്ചതായി കാണുന്നില്ല. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ രസീറ്റ് പ്രകാരമുള്ള തൂക്കം പരിശോധിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ ഹരിത കർമ്മ സേനയുടെയോ സാന്നിധ്യം ഉറപ്പു വരുത്തിയില്ല.

2) ക്ലീൻ കേരള കമ്പനി സമർപ്പിച്ച വേയ്ബ്രിഡ്ജ് രസീറ്റ് പ്രകാരം 5-6-21 മുതൽ 31-12-2021വരെയുള്ള ദിവസങ്ങളിലാണ് മാലിന്യം കയറ്റിക്കൊണ്ടു പോയതും തൂക്കം നോക്കിയതും. 27-2-21 മുതൽ 2-9-2021 വരെയായി 65 ദിവസം വാഹനം വാടകയ്ക്കെടുത്ത് ഹരിത കർമ്മ സേന വാർഡുകളിൽ നിന്നും അജൈവ മാലിന്യം എം.സി.എഫിൽ എത്തിച്ചിട്ടുണ്ട്. ഇതിന് ശേഷമാണ് ക്ലീൻ കേരള കമ്പനി മാലിന്യം കയറ്റിക്കൊണ്ടുപോയത്. പുനരുപയോഗ യോഗ്യമായ പ്ലാസ്റ്റിക് മാലിന്യമാണ് 65 ദിവസങ്ങലിലായി എം.സി.എഫിൽ എത്തിച്ചതായി പറയുന്നത്. എന്നാൽ ഹരിത കർമ്മ സേനയുടെ 2021-22 വർഷത്തെ ബാങ്ക് അക്കൊണ്ട് പരിശോധിച്ചതിൽ നിന്നും ആകെ 5916/- രൂപയാണ് പുനരുപയോഗയോഗ്യമായ മാലിന്യത്തിന് സേനയ്ക്ക് 2021-22 ൽ ലഭ്യമായിട്ടുള്ളത്. എന്നാൽ എത്ര കിലോ പ്ലാസ്റ്റിക് ഉണ്ടായിരുന്നു എന്ന് പരിശോധിയ്ക്കാതെ റിജക്റ്റഡ് വേസ്റ്റ് ആയി ഈ 65 ദിവസം വാർഡുകളിൽ നിന്നും കലക്റ്റ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് എടുത്തതിന് ലഭ്യമായ തുക നാമമാത്രമാണ്. ഇത് ഹരിത കർമ്മ സേനയ്ക്ക് വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാവാനിടയാക്കിയിട്ടുണ്ട്.

3) കായക്കൊടി പഞ്ചായത്തിന് വളരെ അടുത്തുള്ള കുറ്റ്യാടിയിലെ വെയ് ബ്രിഡ്ജിൽ നിന്നും തൂക്കം പരിശോധിക്കാമെന്നിരിക്കെ മാലിന്യത്തിന്റെ തൂക്കം നോക്കിയ വെയ്ബ്രിഡ്ജുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) Malabar Weigh Bridge, Neeanimmal, Thurakkal, Malappuram,

2) Paradan Weigh Bridge, NH Bypass, Pantheerankavu,

3)Ashik Weigh Bridge, Shornur Road, Melamuri, Palakkad

4) Yenkey Electronic Weigh Bridge, West Hill,

5) Marakkar Computerised Weigh Bridge, Pallikkulam, Chirakkal (Po), Kannur,

6) National WeighBridge, Ramanattukara,

7) Malabar WeighBridge, South Beach Road, Calicut,

8) Maliyakkal WeighBridge, Nallalam,

9) Wayanad Electronic WeighBridge, Dottappamkulam , Sulthan Bathery,

10) Perinthalmanna Electronic WeighBridge,Perinthalmanna,

11) Prince WeighBridge, Vadakara

12) KRS Electronic WeighBridge, Kunnamangalam

കുറ്റ്യാടിയിലുള്ള വെയ്ബ്രിഡ്ജിന് പുറമെ മേൽ പരാമർശിച്ച വെയ്ബ്രിഡ്ജുകളിൽ നിന്നായാണ് 265,840/- കിലോ മാലിന്യം കയറ്റിയതായ രസീറ്റ് ലഭ്യമാക്കിയത്. ഗ്രാമ പഞ്ചായത്തിന് തൊട്ട് അടുത്ത് വെയ്ബ്രിഡ്ജ് ഉണ്ടായിരിക്കെ വളരെ അകലെയുള്ളതും ജില്ലയ്ക്ക് പുറത്തുള്ളതുമായ വെയ്ബ്രിഡ്ജുകളിൽ തൂക്കം നോക്കിയതായ രസീറ്റ് ലഭ്യമാക്കിയത് ശരിയായ നടപടിയല്ല. ഇത് പദ്ധതി നിർവ്വഹണത്തിൽ സുതാര്യത കുറവ് ഉണ്ടാക്കിയിട്ടുണ്ട്. ഭാര പരിശോധന നടത്തുമ്പോൾ ചുമതലപ്പെട്ടവർ ഇത് പരിശോധിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ ലഭ്യമാക്കിയ വെയ്ബ്രിഡ്ജ് രസീറ്റുകളിൽ പലതിലും പഞ്ചായത്തിന്റെ പേര് പോലും പരാമർശിക്കുന്നില്ല.

4) മേൽ പരാമർശിച്ച KRS Electronic WeighBridge, Kunnamangalam എന്ന സ്ഥാപനത്തിൽ നിന്നുള്ള രണ്ട് രസീറ്റുകളിൽ 5-6-21 തീതിയിൽ '4180' കിലോയും 12-06-21 തീതിയിൽ '4340' കിലോയും ഉൾപ്പടെ ആകെ '8520' കിലോ വേസ്റ്റ് പ്ലാസ്റ്റിക് ആണ് തൂക്കിയത്. പഞ്ചായത്തിലെ എം.സി.എഫിൽ നിന്നും '8520' കിലോ അജൈവ മാലിന്യം മേൽ തീയതിയിൽ പൂർണ്ണമായി നീക്കം ചെയ്തതായി വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. എന്നാൽ ഇത്രയും പ്ലാസ്റ്റിക് വിൽപ്പന നടത്തിയതിന്റെയോ ഇതിന്റെ വില ഈടാക്കിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.12-06-21ന് ശേഷം കലക്റ്റ് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് വിൽപ്പന നടത്തിയതിന്റെ വിശദ വിവരവും ലഭ്യമല്ല.

5) ഹരിത കർമ്മ സേനയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ആകെ വരവ് ചെലവ് കണക്കാക്കുന്ന രീതിയിൽ അക്കൗണ്ട്സ് സൂക്ഷിക്കുന്നില്ല. ഇതിനാൽ ഇവരുടെ വരവ് ചെലവ് കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. 2021-22വർഷം 340,994/-രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ അറ്റന്റൻസ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇതിനാൽത്തന്നെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 3/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്രയും ഭീമമായ തുക മാലിന്യ നീക്കത്തിന് സ്ഥാപനത്തിന് ചെലവഴിക്കേണ്ടി

വന്നത് "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" മിഷന്റെ ലക്ഷ്യത്തിന് ഘടകവിരുദ്ധമാണ്. മേൽ ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-19 പഞ്ചായത്ത് ഓഫീസ് കംപ്യൂട്ടറുകൾക്ക് എ.എം.സി - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം-സെക്രട്ടറി

വകയിരുത്തിയ തുക- 100000/- (തനത് ഫണ്ട്)

ചെലവ് - 88087/-

പഞ്ചായത്തിലെ വാറണ്ടി കഴിഞ്ഞ കമ്പ്യൂട്ടറുകൾക്ക് എ.എം.സി വയ്ക്കുന്നതിനായി രൂപീകരിച്ച ഈ പദ്ധതിയിൽ കെൽട്രോണിന്റെ പ്രപ്പോസൽ പരിഗണിച്ച് എ.എം.സി ചുമതല കെൽട്രോണിനാണ് നൽകിയത്. ഇവരുടെ പ്രപ്പോസൽ പ്രകാരം 11 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 2 ലാപ്ടോപ്പ് കമ്പ്യൂട്ടറുകളുമാണ് എ.എം.സി യിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവരുടെ പ്രപ്പോസൽ പ്രകാരം 11 ഡെസ്ക്ടോപ്പുകളിൽ 2 എണ്ണത്തിന്റെ Mother Board മാറ്റുന്നതും ഉൾപ്പെട്ടിട്ടുണ്ട്. ഇത് എ.എം.സി കരാറിലും ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതി തയ്യാറാക്കിയപ്പോൾ എത്ര കമ്പ്യൂട്ടറുകൾക്കാണ് എ.എം.സി വയ്ക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടില്ല.

2) പഞ്ചായത്തിലെ ഹാർഡ് വെയർ മെയിന്റനൻസ് രജിസ്റ്ററിൽ കമ്പ്യൂട്ടറുകളുടെ വിശദ വിവരം ഓരോന്നിന്റെയും പ്രത്യേകം എഴുതി സൂക്ഷിച്ചിട്ടില്ല.

3) ഒരു സിസ്റ്റത്തിന്റെ മോണിറ്റർ, സി.പി.യു, മൗസ്, കീ ബോർഡ്, യു.പി.എസ് എന്നിവ വേറെ വേറെയായാണ് എഴുതിയിരിക്കുന്നത്. ഇതിനാൽ ഇവ ഏതൊക്കെ സിസ്റ്റത്തിലാണ് എന്ന് വ്യക്തമല്ല.

4) രജിസ്റ്ററിൽ സിസ്റ്റങ്ങൾക്ക് നമ്പർ നൽകിയിട്ടില്ല. ഇതിനാൽ സിസ്റ്റങ്ങൾ ഏതൊക്കെ സീറ്റുകൾക്കാണ് അനുവദിച്ചത് എന്ന് പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

5) 2020-21ന് ശേഷം വാങ്ങിയ കംപ്യൂട്ടറുകളുടെത് ഒഴികെ മുൻ വർഷങ്ങളിൽ വാങ്ങിയ കമ്പ്യൂട്ടറുകളുടെ വാറന്റി കാലാവധിയോ, എ.എം.സി വച്ചതിന്റെയോ, നിലവിൽ പ്രവർത്തനക്ഷമമാണോ അല്ലയോ എന്നുള്ള വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

6) 2021-22ൽ എ.എം.സി വച്ചതിന്റെ അടിസ്ഥാനത്തിലും മുൻ വർഷങ്ങളിൽ കമ്പ്യൂട്ടറുകളുടെ കംപ്ലയിന്റ്

ബുക്ക് ചെയ്തതിന്റെയും ഇത് സർവ്വീസ് നടത്തിയതിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ നിന്നും 2021-22ൽ ആകെ രണ്ട് കമ്പ്യൂട്ടറുകളാണ് കെൽട്രോണിന് കംപ്ലയിന്റ് ബുക്ക് ചെയ്തതായും സർവ്വീസ് ചെയ്തതായും (Customer Service Report Dtd 22-07-2021, 26-07-2021) കാണുന്നത്.

7) നിലവിൽ പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിൽ നിന്നും ലഭ്യമാക്കിയ വിവങ്ങളുടെ അടിസ്ഥാനത്തിൽ 2021-22ൽ എ.എം.സി വച്ച 5 ഡെസ്ക്ടോപ്പുകൾ ഉൾപ്പടെ ആകെ 9 കമ്പ്യൂട്ടറുകൾ പ്രവർത്തന ക്ഷമമല്ല . എന്നാൽ ഇവ ഏത് കാലത്ത് വാങ്ങിയതാണെന്ന് പഞ്ചായത്ത് ഹാർഡ് വെയർ രജിസ്റ്ററിൽ നിന്നും വ്യക്തമല്ല. ഇവ പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സിൽ നിന്നും അനുമതി വാങ്ങി ലേലം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

8) 2021-22ൽ എ.എം.സി വച്ച 13 കംപ്യൂട്ടറുകളിൽ 2എണ്ണം MGNREGA യിലെതാണ്. എന്നാൽ ഇവ എ.എം.സി വച്ചതിന്റെ ചെലവ് തുക MGNREGA ഭരണ ചെലവായി പരിഗണിച്ച് തനത് ഫണ്ടിലേക്ക് ഈടാക്കിയിട്ടില്ല. MGNREGAയുടെ ഏതൊക്കെ സിസ്റ്റങ്ങൾക്കാണ് എ.എം.സി വച്ചത് എന്ന് നോക്കി അതിന്റെ എ.എം.സി യ്ക്ക് ചെലവായ തുക എത്രയെന്ന് പരിശോധിച്ച് ഇത് MGNREGA അഡ്മിനിസ്ട്രേറ്റീവ് അഡ്വാൻസ് ആയി അഡ്വാൻസ് രജിസ്റ്ററിൽ കൊണ്ടു വരേണ്ടതും ഇത് MGNREGAയിൽ നിന്നും റീക്കുപ്പ് ചെയ്യേണ്ടതുമാണ്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

1-20 സ്നേഹസ്പർശം - പദ്ധതിയ്ക്കായി തുക കൈമാറൽ-വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്റ്റ് നം-82/22

നിർവ്വഹണം- സെക്രട്ടറി

വകയിരുത്തിയ തുക- 300000/-

ചെലവ് - 300000/-

വൗച്ചർ നം-

ജില്ലാ പഞ്ചായത്തിന്റെ “സ്നേഹ സ്പർശം” പദ്ധതി നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് തുക വകയിരുത്തുകയും കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ വിവരം നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരം ലഭ്യമാക്കി വിവരം

അറിയിക്കേണ്ടതാണ്.

1-21 ഡെപ്പോസിറ്റ് പ്രവൃത്തി - എഗ്രിമെന്റ് വെക്കാതെ ഇറിഗേഷൻ വകുപ്പിന് തുക കൈമാറി

പ്രോജക്ട് നമ്പർ - 124/21-22

ചെലവ് - 1099014 (ബിൽനം - 107/27.12.2021)

ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ദേവർകോവിൽ കനാൽ റോഡ് പ്രവൃത്തിയുടെ നിർവ്വഹണത്തിന് വേണ്ടി വികസന ഫണ്ടിൽ നിന്ന് 10,99,014/- രൂപ കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കൈമാറിയിട്ടുണ്ട്. സർക്കാർ അനുമതി വാങ്ങാതെയും ഇറിഗേഷൻ വകുപ്പുമായി കരാറിലേർപ്പെടാതെയുമാണ് തുക കൈമാറിയിരിക്കുന്നത്. സ.ഉ(കൈ) നം.11/2018/തസ്വഭവ തീ.29.01.2018 ഉത്തരവിലെ ഖണ്ഡിക 11-2 ഡി പ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. മേൽ ഉത്തരവ് പ്രകാരം ഇറിഗേഷൻ വകുപ്പിന് കുടിവെള്ള പദ്ധതികൾ ഒഴികെയുള്ള പ്രവൃത്തികൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി ചെയ്യുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. പ്രവൃത്തി പൂർത്തിയാക്കിയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-22 വെള്ളക്കരം - കുടിവെള്ള ടാപ്പുകളുടെ കണക്കെടുപ്പ് നടന്നിട്ട് അഞ്ച് വർഷം

കായക്കൊടി ഗ്രാമപഞ്ചായത്തിൽ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 10,567/- രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. ടാപ്പൊന്നിന് പ്രതിവർഷം 5,512.50/- രൂപ നിരക്കിൽ ആകെ 23 ടാപ്പുകളുടെ വെള്ളക്കരമായാണ് മേൽപറഞ്ഞ പ്രതിമാസ തുക അടവാക്കി വരുന്നത്. കായക്കൊടി ഗ്രാമപഞ്ചായത്തിലെയും, കേരള വാട്ടർ അതോറിറ്റി പേരാമ്പ്ര സെക്ഷൻ ഓഫീസിലെയും ഉദ്യോഗസ്ഥർ 09.10.2017ന് നടത്തിയ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിലാണ് ടാപ്പുകളുടെ എണ്ണം 23 എന്ന് തീർച്ചപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പരിശോധനയ്ക്ക് ശേഷം അഞ്ച് വർഷം കഴിഞ്ഞെങ്കിലും തുടർ പരിശോധനകൾ നടത്തുകയോ, മേൽപ്പറഞ്ഞ 23 ടാപ്പുകളും നിലവിൽ പ്രവർത്തനക്ഷമമാണ് എന്ന് ഉറപ്പുവരുത്തുകയോ ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി നിലവിൽ ഗ്രാമജ്യോതി, നൈൽ, ഉറവ, യമുന, കാവേരി, ത്രിവേണി, വർഷ തുടങ്ങിയ പേരുകളിൽ ജലനിധി പദ്ധതികൾ പ്രവർത്തിച്ചു വരുന്ന സാഹചര്യത്തിൽ പൊതു കുടിവെള്ള ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുണ്ടെങ്കിൽ അവയുടെ വെള്ളക്കരം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 പുഴപുറമ്പോക്ക് ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച്

കായക്കൊടി വില്ലേജിൽ ദേവർകോവിൽ ദേശത്ത് റി.സ 69/39ൽ പെട്ട പുഴ പുറമ്പോക്ക് ഭൂമി മാരാംവീട്ടിൽ ബാബു.കെ.കെ. കുഞ്ഞമ്മത് കല്ലുങ്കണ്ടി, ബഷീർ കല്ലുങ്കണ്ടി, മൊയ്തു പരത്തിലോട്ട്, കെ.കെ അലി ഗണപതിവട്ടത്തിൽ, മൊയ്തു കല്ലുങ്കണ്ടി എന്നിവർ കയ്യേറിയതായി കായക്കൊടി വി.ഇ.ഒ റിപ്പോർട്ട് ചെയ്തതായും കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്ന് കാണിച്ച് വടകര തഹസിൽദാർ (ഭൂരേഖ) കായക്കൊടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 05.11.2021ന് കത്തയച്ചതായും കാണുന്നു. 27.12.2021ലെ ഗ്രാമപഞ്ചായത്ത് തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്ക് ഭൂമി അതിർത്തി നിർണയിച്ച് മാർക്ക് ചെയ്തു തരുന്നതിന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി കായക്കൊടി വില്ലേജ് ഓഫീസർക്ക് കത്തയച്ചിട്ടുണ്ട്. 1996ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെക്കലും പിഴ ചുമത്തലും ഈടാക്കുന്ന ചട്ടം 3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് 29.08.2022ന് കയ്യേറ്റം നടത്തിയ കക്ഷികൾക്ക് ഗ്രാമ പഞ്ചായത്ത് നൽകിയതായി കാണുന്നു. തുടർനടപടി ഫയലിലില്ല. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള കയ്യേറ്റത്തിന്റെ സ്കെച്ച് തഹസിൽദാർ ഗ്രാമ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും ,നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ അധീനതയി ലുണ്ടായിരുന്ന പുറമ്പോക്ക് ഭൂമിയിലുണ്ടായിട്ടുള്ള കയ്യേറ്റം യഥാസമയം തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തി. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/21-22) ലഭിച്ച മറുപടിയിൽ അനധികൃതമായി ഭൂമി കയ്യേറിയവർക്ക് നോട്ടീസ് നൽകി പുറമ്പോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്നും വില്ലേജ് ഓഫീസറുടെ സഹായത്തോടെ അതിർത്തി തിട്ടപ്പെടുത്തി ഭൂമി ഏറ്റെടുക്കൽ നടപടി ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കയ്യേറിയ ഭമി തിരിച്ച് പിടിച്ച് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ പുഴപുറമ്പോക്ക് ഭൂമി എഗ്രിമെന്റ് കണ്ടെത്തി സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും സംരക്ഷിക്കേണ്ടതുമാണ്.

1-24 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന് രേഖയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ചെലവ് - 960000

പ്രോജക്ട് നമ്പർ - 06/21-22

ബിൽ നമ്പർ തുക – 88/23.11.21 - 245400രൂപ

" 43/22.9.21 - 526200രൂപ

" 42/22.9.21 - 188400രൂപ

മേൽ പ്രൊജക്ട് പ്രകാരം പടിഞ്ഞാറത്തറ പ്രതിഭ പോൾട്രി ഫാം & എഗ്ഗർ നഴ്സറി യിൽ നിന്ന് 8000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന് 9,60,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഗുണഭോക്താക്കൾക്ക് എത്ര വീതം കോഴിക്കുഞ്ഞുങ്ങളെ വിവരണം ചെയ്തുവെന്നതിന് രേഖയില്ല. വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ സ്റ്റോക്കിലെടുത്തിട്ടില്ല. പണം പിൻവലിച്ചതല്ലാതെ പദ്ധതി നടപ്പാക്കിയതിന് രേഖകളില്ലാത്തതിനാൽ 960000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-25 എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്തതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്തകങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്തകങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതയാണ്. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തകങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ് വർഷത്തിൽ ആകെ 1090 പുസ്തകങ്ങൾ എൻ.ആർ.ഇ.ജി.എസ് ഓഫീസിന് വിതരണം ചെയ്തതായി കാണുന്നു. പേര് രേഖപ്പെടുത്താത്തതിനാൽ അളവ് പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്കുൾക്കാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. സെക്രട്ടറിയിൽ നിന്ന് എൻ ആർ ഇ ജി എസ് പദ്ധതി ആവശ്യങ്ങൾക്ക് അളവു പുസ്തകങ്ങൾ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-26 പി.എം.എ.വൈ വിഹിതം കൈമാറൽ- വിനിയോഗ വിവരം ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

1) പ്രോജക്റ്റ് നം- 151/21-22

വകയിരുത്തിയ തുക – 210,000/- (CFC)

ചെലവഴിച്ച തുക - 210,000/-

Bill No- ....1336715 Dtd 16-3-22

2) പ്രോജക്റ്റ് നം- 141/21-22

വകയിരുത്തിയ തുക – 140,000/- (Dev-Gnl)

ചെലവഴിച്ച തുക - 140,000/-

Bill No- ....972110 Dtd 19-1-22

പി.എം.എ.വൈ വിഹിതം കൈമാറൽ എന്ന മേൽ പദ്ധതികൾക്കായി പ്രോജക്റ്റ് നം 151 ൽ 3 പേർക്ക് 70000/- രൂപ വീതം 210000/- രൂപയും പ്രോജക്റ്റ് നം 141 ൽ 2 പേർക്ക് 70000/- രൂപ വീതം 140000/- രൂപയും കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന് 2021-22ൽ കൈമാറിയിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (2/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-27 തുക മുൻകൂറായി നൽകിയിട്ടും മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവ്വേദ മെഡിക്കൽ ഓഫീസറുടെ നിർവ്വഹണത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്റ്റിൽ മരുന്ന് വിതരണ സ്ഥാപനത്തിന് മരുന്ന വില മുൻകൂറായി നൽകിയിട്ടും നാളിതുവരെ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് | 31/21-22, ഹോമിയോ ആശുപത്രിക്ക് മരുന്ന് |
| മരുന്ന് വിതരണ സ്ഥാപനം | കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് [HOMCO] |
| നൽകിയ തുക | 2,00,000/- [സാംഖ്യ ബിൽ നം. 170/21-22 തീയതി 14.02.2022] |
| ലഭിച്ച മരുന്നിന്റെ വില | 1,06,604/- |
| ലഭിക്കാൻ ശേഷിക്കുന്ന മരുന്നിന്റെ വില | 93,396/- |

ലഭിക്കാൻ ശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-28 വ്യത്യസ്ത പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി

കായക്കൊടി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (പ്രോജക്റ്റ് നം. 49/21-22), അമ്മമാർക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെയ്പ്പ് (പ്രോജക്റ്റ് നം.52/21-22) എന്നീ പ്രൊജക്റ്റുകളുമായി ബന്ധപ്പെട്ട് KL 18 W 5715 നമ്പർ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ.രാജീവൻ പടിച്ചിൽ എന്നവർക്ക് ഒരേ ദിവസം ഇരട്ട വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി | പ്രോജക്റ്റ് നം.49/21-22, പാലിയേറ്റീവ് പരിചരണം | നൽകിയ തുക | സാംഖ്യ ബിൽ നം/ തീയതി | പ്രോജക്റ്റ് നം.52/21-22, അമ്മമാർക്കും കുട്ടികൾക്കും രോഗ പ്രതിരോധ കുത്തി വെയ്പ്പ് | നൽകിയ തുക | സാംഖ്യ ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|
| 1 | 16.04.2021 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹസന്ദർശനം | 790 | 04/21-22 തീയതി 04.06.21 | പാലയാട്, നോച്ചിക്കണ്ടി പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 06/21-22 തീയതി 03.06.21 |
| 2 | 23.04.2021 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | പൂക്കാട്, പൂളക്കണ്ടി പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 3 | 16.07.2021 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 50/21-22 തീയതി 04.10.21 | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 49/21-22 തീയതി 04.10.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 4 | 23.07.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 5 | 27.07.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 6 | 18.08.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 7 | 10.09.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | തളീക്കര സബ്ബ് സെന്റർ പ്രദേശത്തെ അങ്കണവാടി കളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 8 | 22.10.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 77/21-22 തീയതി 06.11.21 | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ | 790 | 79/21-22 തീയതി 06.11.21 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | കുത്തിവെയ്പ്പ് | | |
| 9 | 22.11.2021 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 111/21-22 തീയതി 06.01.22 | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 112/21-22 തീയതി 06.01.22 |
| 10 | 13.01.2022 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 11 | 20.012022 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 161/21-22 തീയതി 07.02.22 | ആക്കൽ സബ്ബ് സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 162/21-22 തീയതി 07.02.22 |
| 12 | 21.01.2022 | പാലിയേറ്റീവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | തളീക്കര സബ്ബ് സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| ആകെ | | | 9480 | | ആകെ | 9480 | |

പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി, പി.എച്ച്.സിയിലെ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം ചാർട്ട് എന്നിവയൊന്നും പരിശോധിക്കാതെ വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് വാഹന വാടക അനുവദിച്ചിട്ടുള്ളത്. എല്ലാ ട്രിപ്പ് ഷീറ്റുകളിലും വാഹനം രാവിലെ 9

മണി മുതൽ വൈകീട്ട് 5 മണി വരെ ഓടി എന്നാണ് കാണിച്ചിട്ടുള്ളത്. 2021-22 വർഷത്തെ പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി പ്രകാരം ഗൃഹസന്ദർശനം നടന്നിട്ടില്ലാത്ത 22.11.2021, 20.01.2022, 21.01,2022 (ക്രമ നം. 9,11,12) തീയതികളിലും വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പരിചരണ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വാഹന വാടക അനുവദിച്ചിട്ടുണ്ട്. വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകളല്ലാതെ ഏതെല്ലാം ദിവസങ്ങളിലാണ് പ്രതിരോധ കുത്തിവയ്പ്പിനായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ഒരേ ദിവസം വാഹനത്തിന് ഇരട്ട വാടക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികമായി നൽകിയ 9,480/- രൂപ തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വാണിജ്യ കെട്ടിടത്തിന് വ്യവയായ കെട്ടിടത്തിന്റെ നികുതി കണക്കാക്കി -പഞ്ചായത്തിന് വികുതി നഷ്ടം

ശ്രീ.അബ്ദുറഹിമാൻ ഹാജി, കരുവങ്കണ്ടിയിൽ, വട്ടോളി എന്നവരുടെ ഉടമസ്ഥതയിലുള്ള വാണിജ്യ കെട്ടിടത്തിന് കംപ്ലീഷൻ അപേക്ഷയുടെ അടിസ്ഥാനത്തിൽ 2021 രണ്ടാം അർദ്ധ വർഷം മുതൽ '7/82 B, 7/82C' എന്നീ കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണ കംപ്ലീഷൻ പ്ലാനിലും

എൽ.എസ്.ജി.ഡി അസി.എഞ്ചിനിയറുടെ പരിശോധനാ റിപ്പോർട്ടിലും കെട്ടിടം വാണിജ്യ കെട്ടിടം എന്നാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കിയത് പരിശോധിച്ചതിൽ നിന്നും '7/82 B' നമ്പർ കെട്ടിടഭാഗത്തിന് (267.01$M^2$) ഇതര വ്യവയായ കെട്ടിടത്തിന്റെ കുറഞ്ഞ നികുതി നിരക്ക് വച്ചാണ് നികുതി കണക്കാക്കി ഈടാക്കി വരുന്നത് എന്ന് കാണുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| കെട്ടിട നമ്പർ | കണക്കാക്കിയ നികുതി | യഥാർത്ഥത്തിൽ കണക്കാക്കേണ്ട നികുതി | നികുതി ഈടാക്കിയതിലെ കുറവ് |
|---|---|---|---|
| 7/82 B | വിസ്തീർണ്ണം- 267.01$M^2$<br>നികുതിനിരക്ക്- വ്യവയായം- 60/$m^2$<br>മേഖല – പ്രഥമം<br>വഴി- 5mtr- 20% വർധന<br>തറ നിർമ്മിതി- 15%വർധന<br>കണക്കാക്കിയ നികുതി = 267.01x60=16021/-<br>വർദ്ധന ആകെ 35%= 5608/-<br>ആകെ അടിസ്ഥാന നികുതി =21629/- | വിസ്തീർണ്ണം- 267.01$M^2$<br>നികുതിനിരക്ക്- വ്യവയായം- 70/$m^2$<br>മേഖല – പ്രഥമം<br>വഴി- 5mtr- 20% വർധന<br>തറ നിർമ്മിതി- 15%വർധന<br>കണക്കാക്കിയ നികുതി = 267.01x70=18691/-<br>വർദ്ധന ആകെ 35%= 6542/-<br>ആകെ അടിസ്ഥാന നികുതി =25233/- | 3604+ 180(LC)<br>2021-22രണ്ടാം അർദ്ധ വർഷം മുതലാണ് നികുതി ഈടാക്കിയിരിക്കുന്നത് , ഇതിനാൽ 2021-22ലെ നഷ്ടം= 1802+90(LC) |

| | | | |
|---|---|---|---|
| | LC=1082/- | LC=1262/- | |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (6/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തു നികുതി കണക്കാക്കിയതിലെ അപാകത പരിഹരിച്ച് കുറവ് വന്ന നികുതി ഈടാക്കി വിശദ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നല്ലാതെ ഫൈബർ കസേരകൾ വാങ്ങി

പ്രോജക്ട് നം-34

അടങ്കൽ -200000

ചെലവ് -200000 (ബിൽ നം- 134/14-01-22)

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർ വൈസർ

ഗ്രാമപഞ്ചായത്തിലെ 25 അങ്കണവാടികളിലും 20 ഫൈബർ കസേരകൾ വീതം ടെണ്ടർ, ക്വട്ടേഷൻ കൂടാതെ വാങ്ങുന്നതിന് അനുവാദമുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കി യിരുന്നത് . എന്നാൽ 2021 സപ്തംബർ 29 ന് ചേർന്ന പ്രൊക്വയർമെന്റ് കമ്മിറ്റിയോഗത്തിലെ മൂന്നാമത് തീരുമാനപ്രകാരം ഫൈബർ അങ്കണവാടികൾക്ക് ഫൈബർ കസേരകൾ ടെണ്ടർ നടപടികളിലൂടെ വാങ്ങു ന്നതിനായി തീരുമാനിക്കുകയും അയത് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരി ക്കുകയും ചെയ്തു. ആകെ നാല് സ്ഥാപനങ്ങൾ ടെണ്ടറിൽ പങ്കെടുത്തതിൽ ഫിഡ്കോ എന്റർപ്രൈസസ്സ് ഒളവണ്ണ എന്ന സ്ഥാപനം പദ്ധതിക്കായി സമർപ്പിച്ച നീൽകമൽ ആംമ്ഡ് ചെയർ (മോഡൽ നമ്പർ 2160) ഒരെണ്ണത്തിന് 667/-രൂപ നിരക്ക് പ്രകാരം 300കസേരകൾ വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥ 25 അങ്കണവാടികൾക്കായി വിതരണം ചെയ്തിട്ടുണ്ട് (ഇൻവോയ്സ് നം- FE/21-22/312 തീയ്യതി- 08.01.2022). ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ടെണ്ടറിൽ പങ്കെടുത്ത അസ്സീം ഡിസൈനേഴ്സ് & ഇൻറ്റീരിയേഴ്സ് എന്നസ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ നീൽകമൽ ഫൈബർ ആംമ്ഡ് ചെയർ മോഡൽ നം- 2160,2161 എന്നിവയ്ക്കായി ക്വാട്ട് ചെയ്ത തുക ഒന്നിന് 617/- രൂപയാണ്. ആയത് പരിഗണിക്കാതെയാണ് അതേ മോഡൽ കസേര ഒന്നിന് 667/- രൂപ നിരക്കിൽ 300 എണ്ണം ഫിഡ്കോ എന്റർ പ്രൈസിൽ നിന്നും വാങ്ങി നിർവ്വഹണ ഉദ്യോഗസ്ഥ അംഗൻവാടികൾക്ക് വിതരണം നടത്തിയത്. ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. കുറഞ്ഞ

ടെണ്ടർ പരിഗണിക്കാത്തതുകാരണം ഒരു കസേരക്ക് 50രൂപ പ്രകാരം 300 കസേരകൾക്കായി അധികം ചെലവഴിച്ച 15000/- രൂപ അധികചെലവിനുത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്. 15000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

3-2 വ്യത്യസ്ത പ്രൊജക്ടുകളിൽ ഉൾപ്പെടുത്തി ഒരേ വാഹനത്തിന് ഇരട്ട വാടക നൽകി

കായക്കൊടി ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷം പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (പ്രോജക്റ്റ് നം. 49/21-22), അമ്മമാർക്കും കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെയ്പ്പ് (പ്രോജക്റ്റ് നം.52/21-22) എന്നീ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് KL 18 W 5715 നമ്പർ വാഹനം വാടകയ്ക്ക് എടുത്ത വകയിൽ ശ്രീ.രാജീവൻ പടിച്ചിൽ എന്നവർക്ക് ഒരേ ദിവസം ഇരട്ട വാടക നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തീയതി | പ്രോജക്റ്റ് നം.49/21-22, പാലിയേറ്റീവ് പരിചരണം | നൽകിയ തുക | സാംഖ്യ ബിൽ നം/ തീയതി | പ്രോജക്റ്റ് നം.52/21-22, അമ്മമാർക്കും കുട്ടികൾക്കും രോഗ പ്രതിരോധ കുത്തി വെയ്പ്പ് | നൽകിയ തുക | സാംഖ്യ ബിൽ നം/ തീയതി |
|---|---|---|---|---|---|---|---|
| 1 | 16.04.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹസന്ദർശനം | 790 | 04/21-22 തീയതി 04.06.21 | പാലയാട്, നോച്ചിക്കണ്ടി പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 06/21-22 തീയതി 03.06.21 |
| 2 | 23.04.2021 | പാലിയേറ്റിവ് | 790 | | പൂക്കാട്, | 790 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | | | പൂളക്കണ്ടി പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | | |
| 3 | 16.07.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 50/21-22 തീയതി 04.10.21 | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 49/21-22 തീയതി 04.10.21 |
| 4 | 23.07.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 5 | 27.07.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 6 | 18.08.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | കായക്കൊടി ഗ്രാമപഞ്ചാ യത്തിലെ വിവിധ പ്രദേശങ്ങളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| 7 | 10.09.2021 | പാലിയേറ്റിവ് പരിചരണ വുമായി | 790 | | തളീക്കര സബ്ബ് സെന്റർ പ്രദേശത്തെ | 790 | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ബന്ധപ്പെട്ട ഗൃഹ സന്ദർശനം | | | അങ്കണവാടി കളിൽ പ്രതിരോധ കുത്തിവെയ്പ്പ് | | |
| 8 | 22.10.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 77/21-22 തീയതി 06.11.21 | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 79/21-22 തീയതി 06.11.21 |
| 9 | 22.11.2021 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 111/21-22 തീയതി 06.01.22 | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 112/21-22 തീയതി 06.01.22 |
| 10 | 13.01.2022 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | 161/21-22 തീയതി 07.02.22 | എഫ്.എച്ച്.സി മെയിൻ സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | 162/21-22 തീയതി 07.02.22 |
| 11 | 20.012022 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | ആക്കൽ സബ്ബ് സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 12 | 21.01.2022 | പാലിയേറ്റിവ് പരിചരണ വുമായി ബന്ധപ്പെട്ട ഗൃഹ സന്ദർശനം | 790 | | തളീക്കര സബ്ബ് സെന്റർ പ്രദേശത്തെ അങ്കണ വാടികളിൽ പ്രതിരോധ കുത്തിവെയ്പ്പ് | 790 | |
| ആകെ | | | 9480 | | ആകെ | 9480 | |

പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി, പി.എച്ച്.സിയിലെ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം ചാർട്ട് എന്നിവയൊന്നും പരിശോധിക്കാതെ വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ മാത്രം അടിസ്ഥാനത്തിലാണ് വാഹന വാടക അനുവദിച്ചിട്ടുള്ളത്. എല്ലാ ട്രിപ്പ് ഷീറ്റുകളിലും വാഹനം രാവിലെ 9 മണി മുതൽ വൈകീട്ട് 5 മണി വരെ ഓടി എന്നാണ് കാണിച്ചിട്ടുള്ളത്. 2021-22 വർഷത്തെ പാലിയേറ്റീവ് ഗൃഹസന്ദർശന ഡയറി പ്രകാരം ഗൃഹസന്ദർശനം നടന്നിട്ടില്ലാത്ത 22.11.2021, 20.01.2022, 21.01,2022 (ക്രമ നം. 9,11,12) തീയതികളിലും വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റിന്റെ അടിസ്ഥാനത്തിൽ പാലിയേറ്റീവ് പരിചരണ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി വാഹന വാടക അനുവദിച്ചിട്ടുണ്ട്. വാഹന ഉടമ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകളല്ലാതെ ഏതെല്ലാം ദിവസങ്ങളിലാണ് പ്രതിരോധ കുത്തിവയ്പ്പിനായി വാഹനം വാടകയ്ക്കെടുത്ത് ഉപയോഗിച്ചിട്ടുള്ളത് എന്നതു സംബന്ധിച്ച യാതൊരു രേഖയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കൂടാതെ ഒരേ ദിവസം വാഹനത്തിന് ഇരട്ട വാടക നൽകിയതിന് വിശദീകരണം നൽകേണ്ടതും അധികമായി നൽകിയ 9,480/- രൂപ തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

3-3 മാലിന്യ പരിപാലനം - ക്ലീൻ കേരള കമ്പനിയ്ക്ക് തുക കൈമാറൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

1) പ്രോജക്റ്റ് നം- 112/21-22

വകയിരുത്തിയ തുക – 1619500/- (CFC)

ചെലവഴിച്ച തുക - 1619500/- (Bill No-103 Dtd 13-12-21)

2) പ്രോജക്റ്റ് നം- 147/21-22

വകയിരുത്തിയ തുക – 1517412- (711502/-Dev-Gnl + 805910/- CFC)

ചെലവഴിച്ച തുക - 805910/- ( CFC)

Bill No- ....1066246 Dtd 5-2-22, Rs. 550097/-

Bill No-..... 1476935 Dtd 26-3-22 Rs. 255813/-

അജൈവ മാലിന്യം (റിജക്റ്റഡ് വേസ്റ്റ്) ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുന്നതിനാണ് മേൽ രണ്ട് പദ്ധതികളും വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതികൾക്കായി ആകെ 3,136,912/- രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 2,425,410/- രൂപ മേൽ ബില്ലുകൾ പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ക്ലീൻ കേരള കമ്പനി എം.ഡിയുടെ 8-10-21 ലെ D21/CKCL/21നമ്പർ കത്ത് പ്രകാരം പുനചംക്രമണയോഗ്യമല്ലാത്ത 265,840 കിലോ അജൈവ മാലിന്യം നീക്കം ചെയതതായും ഇവയ്ക്ക് കിലോയ്ക്ക് 10/-രൂപ നിരക്കിലും 18%ജി.എസ്.ടി യും ഉൾപ്പടെ 3,136,912/- രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള ഇൻവോയിസ് (Invoice No. D22/SER 21-22/240 Dtd 8/10/21) ഉം ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) 265,840 കിലോ മാലിന്യം കയറ്റിയതിന്റെ വേയ്ബ്രിഡ്ജ് രസീറ്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ഇത് പരിശോധിക്കാൻ ഉത്തരവാദപ്പെട്ടവർ ഇത് പരിശോധിച്ചതായി കാണുന്നില്ല. ക്ലീൻ കേരള കമ്പനി ലഭ്യമാക്കിയ രസീറ്റ് പ്രകാരമുള്ള തൂക്കം പരിശോധിക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ ഹരിത കർമ്മ സേനയുടെയോ സാന്നിധ്യം ഉറപ്പു വരുത്തിയില്ല.

2) ക്ലീൻ കേരള കമ്പനി സമർപ്പിച്ച വേയ്ബ്രിഡ്ജ് രസീറ്റ് പ്രകാരം 5-6-21 മുതൽ 31-12-2021വരെയുള്ള

ദിവസങ്ങളിലാണ് മാലിന്യം കയറ്റിക്കൊണ്ടു പോയതും തൂക്കം നോക്കിയതും. 27-2-21 മുതൽ 2-9-2021 വരെയായി 65 ദിവസം വാഹനം വാടകയ്ക്കെടുത്ത് ഹരിത കർമ്മ സേന വാർഡുകളിൽ നിന്നും അജൈവ മാലിന്യം എം.സി.എഫിൽ എത്തിച്ചിട്ടുണ്ട്. ഇതിന് ശേഷമാണ് ക്ലീൻ കേരള കമ്പനി മാലിന്യം കയറ്റിക്കൊണ്ടുപോയത്. പുനരുപയോഗ യോഗ്യമായ പ്ലാസ്റ്റിക് മാലിന്യമാണ് 65 ദിവസങ്ങളിലായി എം.സി.എഫിൽ എത്തിച്ചതായി പറയുന്നത്. എന്നാൽ ഹരിത കർമ്മ സേനയുടെ 2021-22 വർഷത്തെ ബാങ്ക് അക്കൊണ്ട് പരിശോധിച്ചതിൽ നിന്നും ആകെ 5916/- രൂപയാണ് പുനരുപയോഗയോഗ്യമായ മാലിന്യത്തിന് സേനയ്ക്ക് 2021-22 ൽ ലഭ്യമായിട്ടുള്ളത്. എന്നാൽ എത്ര കിലോ പ്ലാസ്റ്റിക് ഉണ്ടായിരുന്നു എന്ന് പരിശോധിക്കാതെ റിജക്റ്റഡ് വേസ്റ്റ് ആയി ഈ 65 ദിവസം വാർഡുകളിൽ നിന്നും കലക്റ്റ് ചെയ്ത പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനിയ്ക്ക് എടുത്തതിന് ലഭ്യമായ തുക നാമമാത്രമാണ്. ഇത് ഹരിത കർമ്മ സേനയ്ക്ക് വലിയ തോതിലുള്ള വരുമാന നഷ്ടം ഉണ്ടാവാനിടയാക്കിയിട്ടുണ്ട്.

3) കായക്കൊടി പഞ്ചായത്തിന് വളരെ അടുത്തുള്ള കുറ്റ്യാടിയിലെ വെയ് ബ്രിഡ്ജിൽ നിന്നും തൂക്കം പരിശോധിക്കാമെന്നിരിക്കെ മാലിന്യത്തിന്റെ തൂക്കം നോക്കിയ വെയ്ബ്രിഡ്ജുകളുടെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

1) Malabar Weigh Bridge, Neeanimmal, Thurakkal, Malappuram,

2) Paradan Weigh Bridge, NH Bypass, Pantheerankavu,

3)Ashik Weigh Bridge, Shornur Road, Melamuri, Palakkad

4) Yenkey Electronic Weigh Bridge, West Hill,

5) Marakkar Computerised Weigh Bridge, Pallikkulam, Chirakkal (Po), Kannur,

6) National WeighBridge, Ramanattukara,

7) Malabar WeighBridge, South Beach Road, Calicut,

8) Maliyakkal WeighBridge, Nallalam,

9) Wayanad Electronic WeighBridge, Dottappamkulam , Sulthan Bathery,

10) Perinthalmanna Electronic WeighBridge,Perinthalmanna,

11) Prince WeighBridge, Vadakara

12) KRS Electronic WeighBridge, Kunnamangalam

കുറ്റ്യാടിയിലുള്ള വെയ്ബ്രിഡ്ജിന് പുറമെ മേൽ പരാമർശിച്ച വെയ്ബ്രിഡ്ജുകളിൽ നിന്നായാണ് 265,840/- കിലോ മാലിന്യം കയറ്റിയതായ രസീറ്റ് ലഭ്യമാക്കിയത്. ഗ്രാമ പഞ്ചായത്തിന് തൊട്ട് അടുത്ത്

വെയ്ബ്രിഡ്ജ് ഉണ്ടായിരിക്കെ വളരെ അകലെയുള്ളതും ജില്ലയ്ക്ക് പുറത്തുള്ളതുമായ വെയ്ബ്രിഡ്ജുകളിൽ തൂക്കം നോക്കിയതായ രസീറ്റ് ലഭ്യമാക്കിയത് ശരിയായ നടപടിയല്ല. ഇത് പദ്ധതി നിർവ്വഹണത്തിൽ സുതാര്യത കുറവ് ഉണ്ടാക്കിയിട്ടുണ്ട്. ഭാര പരിശോധന നടത്തുമ്പോൾ ചുമതലപ്പെട്ടവർ ഇത് പരിശോധിക്കുന്നില്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. കൂടാതെ ലഭ്യമാക്കിയ വെയ്ബ്രിഡ്ജ് രസീറ്റുകളിൽ പലതിലും പഞ്ചായത്തിന്റെ പേര് പോലും പരാമർശിക്കുന്നില്ല.

4) മേൽ പരാമർശിച്ച KRS Electronic WeighBridge, Kunnamangalam എന്ന സ്ഥാപനത്തിൽ നിന്നുള്ള രണ്ട് രസീറ്റുകളിൽ 5-6-21 തീതിയിൽ '4180' കിലോയും 12-06-21 തീതിയിൽ '4340' കിലോയും ഉൾപ്പടെ ആകെ '8520' കിലോ വേസ്റ്റ് പ്ലാസ്റ്റിക് ആണ് തൂക്കിയത്. പഞ്ചായത്തിലെ എം.സി.എഫിൽ നിന്നും '8520' കിലോ അജൈവ മാലിന്യം മേൽ തീയതിയിൽ പൂർണ്ണമായി നീക്കം ചെയ്തതായി വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. എന്നാൽ ഇത്രയും പ്ലാസ്റ്റിക് വിൽപ്പന നടത്തിയതിന്റെയോ ഇതിന്റെ വില ഈടാക്കിയതിന്റെയോ വിവരം ഫയലിൽ ലഭ്യമല്ല.12-06-21ന് ശേഷം കലക്റ്റ് ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് വിൽപ്പന നടത്തിയതിന്റെ വിശദ വിവരവും ലഭ്യമല്ല.

5) ഹരിത കർമ്മ സേനയുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ആകെ വരവ് ചെലവ് കണക്കാക്കുന്ന രീതിയിൽ അക്കൗണ്ട്സ് സൂക്ഷിക്കുന്നില്ല. ഇതിനാൽ ഇവരുടെ വരവ് ചെലവ് കൃത്യത പരിശോധിക്കുന്നതിന് സാധിക്കുന്നില്ല. 2021-22വർഷം 340,994/-രൂപ വയബിലിറ്റി ഗ്യാപ്പ് ഫണ്ടായി പദ്ധതിയിലൂടെ നൽകിയിട്ടുണ്ട്. ഹരിത കർമ്മ സേനയുടെ അറ്റന്റൻസ് കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇതിനാൽത്തന്നെ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് നൽകിയതിന്റെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 3/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്രയും ഭീമമായ തുക മാലിന്യ നീക്കത്തിന് സ്ഥാപനത്തിന് ചെലവഴിക്കേണ്ടി വന്നത് "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" മിഷന്റെ ലക്ഷ്യത്തിന് ഘടകവിരുദ്ധമാണ്. മേൽ ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. അപാകതയ്ക്ക് തൃപ്തികരമായ വിശദീകരണം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| | വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് | |
|---|---|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | നമ്പർ/തീയതി |
|---|---|---|
| 2020-21 | 11.01.2023-17.01.2023 | ഈ റിപ്പോർട്ടിന്റെ അനുബന്ധമായി പുറപ്പെടുവിച്ചു. |

## 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 2021-22 | 40488 | പാലിന് സബ്സിഡി | 40488 | 0 |
| | 2021-22 | 1000000 | കളിസ്ഥലം വാങ്ങൽ | 1000000 | 0 |
| | 2021-22 | 400000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 400000 | 0 |
| | 2021-22 | 650407 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി) | 650407 | 0 |
| | ആകെ | 2090895 | | 2090895 | 0 |
| കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 101752 | കാലിത്തീറ്റ സബ്ബ്സിഡി | 101752 | 0 |
| | 2021-22 | 89228 | പാലിന് സബ്സിഡി | 89228 | 0 |
| | 2021-22 | 1000000 | കളിസ്ഥലം വാങ്ങൽ | 1000000 | 0 |
| | 2021-22 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 200000 | 0 |
| | 2021-22 | 100000 | പാലിയേറ്റീവ് പരിചരണം | 100000 | 0 |
| | ആകെ | 1490980 | | 1490980 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, കുറ്റ്യാടി ഇറിഗേഷൻ പ്രോജക്റ്റ് | പി.എച്ച്.സി – ദേവർകോവിൽ കനാൽ റോഡ് (പ്രൊ. 124/21-22) | 107/2021-22 തീയതി 27.12.21 | 1099013 | -- | 1099013 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം: | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം /ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| - ഇല്ല - | | | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി (KURDFC | സ.ഉ (സാധാ) നം. 68/2018 തീ. | | 21204036 | 1613334 | 0 | 19590702 |

| | | | | | | |
|---|---|---|---|---|---|---|
| ലോൺ) | 18/05/2018 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 8,35,311 |
| തൻവർഷം നിക്ഷേപിച്ച തുക | 67,034 |
| ആകെ | 9,02,345 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 9,02,345 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപം | തുക |
|---|---|
| എഫ്.ഡി (നം. 638063 തീയതി 18.04.2018)<br>കായക്കൊടി സർവ്വീസ് സഹകരണ ബാങ്ക് | 8,77,345 |
| ഓഹരി (നം. 337 തീയതി 20.04.1999)<br>നാദാപുരം സഹകരണ ആശുപത്രി | 15,000 |
| ഓഹരി (നം. 3210 തീയതി 12.08.1999)<br>നാദാപുരം സഹകരണ ആശുപത്രി | 10,000 |
| ആകെ | 9,02,345 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം 1476 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ഉദ്യോഗപ്പേര് | രസീത് നം/തീയതി |
|---|---|---|---|---|
| 2009-10 | 3-13 | 1476 | കെ.ഗംഗാധരൻ, പി.ടി.എസ്, സോമൻ കെ.കെ, പി.ടി.എസ് | 121020101036/ 28.09.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 - വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 50 | 2003-04 | 11(4) | ജല വകുപ്പിന്റെ സ്ഥലത്ത് അനുമതിയില്ലാതെ കെട്ടിടം പണിതു | കെട്ടിടം വിട്ടു കിട്ടുന്നതിന് അടിയന്തര നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ച് റിപ്പോർട്ട് നൽകാൻ ശുപാർശ |
| 1999-00 | 33 | 2003-04 | 11.13.1.6 | ബേക്കറി യൂണിറ്റ് പ്രവർത്തനം നടത്തിയില്ല | പ്രവർത്തനം തൃപ്തികരമാണോ എന്ന് അറിയിക്കണം |
| 1999-00 | 35 | 2003-04 | 11.13.5.2 | മൈത്രി ഭവന പദ്ധതി – ഉത്തരവാദിത്വം നിറവേറ്റിയില്ല വീട് പൂർത്തിയാക്കിയത് സംബന്ധിച്ച് വിവരമില്ല | പരാമർശം തുടരുന്നു. |
| 2000-01 | 1 | 2004-05 | 11.1.2.5 | ബജറ്റ് അംഗീകരിച്ചില്ല. | പരാമർശം തുടരുന്നു. |
| 1999-00 | | 2004-05 | 11.1.3.4 | നികുതി പിരിവിൽ അലംഭാവം- കുടിശ്ശിക | പരാമർശം തുടരുന്നു. |
| 2000-01 | | 2004-05 | 11.1.3.29 | | |

| | | | | | |
|---|---|---|---|---|---|
| | | | | പെരുകുന്നു. | |
| 1999-00 | 29 | 2004-05 | 11.1.5.4 | മണ്ണ് സംരക്ഷണ പദ്ധതി | പരാമർശം തുടരുന്നു. |
| 1999-00 | 34 | 2004-05 | 11.1.5.5 | ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആനുകൂല്യം | പരാമർശം തുടരുന്നു. |
| 1999-00 | 33 | 2004-05 | 2.3 | തൊഴിൽ സംരംഭങ്ങൾ അടച്ചു പൂട്ടി | |
| 2003-04 | 3(4) | 2006-07 | 3.79.5.1 | വാട്ടർ ചാർജ്ജ് ഇനത്തിൽ വസ്തു കൈമാറ്റത്തീരുവ യിനത്തിൽ നിന്നും തുക തട്ടിക്കിഴിച്ച് | പരാമർശം തുടരുന്നു. |
| 2002-03 | 2-3 | 2006-07 | 3.79.5.13 | വാട്ടർ അതോറിറ്റിക്ക നൽകിയതിൽ അപാകത | പരാമർശം തുടരുന്നു. |
| 2003-04 | 3(3) | 2006-07 | 3.79.19.9 | മരാമത്ത് പ്രവൃത്തികൾ - നിരക്ക് അധികം നൽകുന്നത് അളവ് തെറ്റായി രേഖപ്പെടുത്തി പഞ്ചായത്തുകൾക്ക് നഷ്ടം 7770- അധികം നിരക്ക് നൽകി. | പരാമർശം തുടരുന്നു. |
| 2015-16 | 3-14<br>3-14<br>3-14 | 2016-17 | 6 എ.1.1<br>6എ.1.5<br>6എ2.1 | ആശ്രയ പദ്ധതി വീടിന് സ്ഥലം വീട് ആവശ്യ മുള്ളവർ വീട് റിപ്പയർ | പരാമർശം തുടരുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | | ആവശ്യമുള്ളവർ | |
| 2017-18 | 3-2 | 2018-19 | | തുടങ്ങാത്ത പ്രവൃത്തിക്ക് ടാർ വിതരണം ചെയ്തു. 221269/- രൂപ നഷ്ടം | പരാമർശം തുടരുന്നു. |
| 2017-18 | 2-2 | 2018-19 | | ആഭ്യന്തര നിയന്ത്രണ സംവിധാനം – പോരായ്മകൾ പരിഹരിക്കേണ്ടതാണ്. | പരാമർശം തുടരുന്നു. |
| 2014-15 | 2-3 | 2016-17 | അനുബന്ധം 4 | തൊഴിൽനികുതി അപാകത | |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 71001343 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70381424 |
| വരവിനങ്ങളിലുള്ള നഷ്ടം | 1802 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 24480 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1053396 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 2-1 | 1802 | - | രാജീവൻ കെ<br>സെക്രട്ടറി |
| 3-1 | - | 15000 | രജനി പി<br>ഐ.സി.ഡി.എസ്<br>സൂപ്പർവൈസർ |
| 3-2 | - | 9480 | ഡോ. സജിത സി.പി<br>മെഡിക്കൽ ഓഫീസർ<br>പി.എച്ച്.സി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 960000 | ലിപിൻ എൽ.എസ്<br>വെറ്ററിനറി സർജൻ |
| 1-27 | 93396 | ഡോ.ടി.ഷാഹിത<br>ആയുർവേദ ഡിസ്പൻസറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1 – ലൈബ്രറി കൗൺസിൽ – 90

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലിപിൻ എൽ.എസ് വെറ്ററിനറി സർജൻ | ലഭ്യമല്ല | ഡി.എൽ ഹൗസ് കയ്യാലിക്കോണം പൗഡിക്കോണം.പി.ഒ തിരുവനന്തപുരം |
| രജനി പി ഐ.സി.ഡി.എസ് | ലഭ്യമല്ല | പുതുശ്ശേരി നടുവണ്ണൂർ പി.ഒ കോഴിക്കോട് ജില്ല |
| രാജീവൻ കെ സെക്രട്ടറി | സെക്രട്ടറി കായക്കൊടി ഗ്രാമ പഞ്ചായത്ത് | കാരായി വീട് പൊൻമേരി പറമ്പിൽ പി.ഒ വില്ല്യാപ്പള്ളി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1979-80 | എൽ.എഫ്.പി4/505/ 96/തി.20.03.96 | 3 | |
| 1983-84 | എൽ.എഫ്.പി4/506/ 96/ തി.20.03.96 | 4 | |
| 1984-85 | എൽ.എഫ്.പി4/529/ 96/ തി.20.03.96 | 1 | |
| 1990-91 & 1991-92 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 1 | 22 |
| 1996-97 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 2 | 35,36 |
| 1997-98 | കെ.എസ്എ/കെകെഡിപി6/ 1764/2017/10.05.18 | 2 | 7(3), 16 |
| 1998-99 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 5 | 50, 53, 55, 56, 57 |
| 1999-00 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 6 | 9, 19, 30, 31, 36, 37 |
| 2000-01 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 11 | 2-1, 2-2, 2-3(1), 2-3(2), 2-4,3-1, 3-2, 3-4,3-5, 3-7, 3-8 |
| 2001-02 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 4 | 7,12,15,16 |
| 2002-03 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 4 | 3-10, 3-11, 3-12, 3-13 |
| 2003-04 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 2 | 3-1,3-6 |
| 2004-05 | കെ.എസ്.എ/കെ.കെ.ഡി/ പി6/1764/2017/തി.10.05.18 | 1 | 3-6 |
| 2005-06 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 6 | 2-1, 3-1, 3-2, 3-5, |

| | | | |
|---|---|---|---|
| | | | 3-6, 3-7 |
| 2006-07 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 16 | 3-4, 3-10, 3-11, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-23, 3-24, 3-25, 3-26, 3-27, 3-28 |
| 2007-08 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1764/2017/തി.10.05.18 | 5 | 3-1, 3-2, 3-3 (എ), 3-11 എബി, 3-18 |
| 2008-09 | എൽ.എഫ്.കെകെഡി.പി6/1160/ 12/തി.28.07.12 | 16 | 2-1, 2-2, 2-3, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14,3-15, 3-20, 4-2, 4-6(ഡി) |
| 2009-10 | എൽ.എഫ്.കെ.കെ.ഡിപി6/1161/ 12/തി.1.11.12 | 16 | 2-1, 2-2, 2-3, 2-4, 3-2, 3-3, 3-4, 3-6, 3-5, 3-7, 3-10, 3-11, 3-12, 3-13, 4-2, 4-4 |
| 2010-11& 2011-12 | എൽ.എഫ്.കെ.കെ.ഡി.പി6/737/ 13/തി.16.07.13 | 16 | 2-1(ബി), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |

| | | | |
|---|---|---|---|
| | | | 3-9, 3-10, 3-11, 3-12, 3-13, 4-5ബി, 4-6 |
| 2012-13 | എൽ.എഫ് കെ.കെ.ഡി/പി6/ 1466/14/തി.7.2.15 | 14 | 2-1, 2-2, 2-3, 2-4(1), 2-4(2)3-1, 3-2, 3-3, 3-4, 3-5, 3-6, 4-1, 4-2, 4-10 |
| 2013-14& 2014-15 | കെ.എസ്.എ/കെ.കെ.ഡി/ പി6/ 1132/17/തി.16.02.18 | 20 | 2-3, 3-1, 3-5, 3-6, 3-7, 3-8, 3-9, 3-11, 3-12, 3-13, 3-14, 3-15, 3-17, 3-18, 3-19,3-20, 3-21, 3-22, 3-24, 3-27 |
| 2015-16 | കെ.എസ്.എ/ കെ.കെ.ഡി/ പി6/748/17/തി.4.5.17 | 16 | 2-1, 2-2, 2-3, 2-4, 2-5,3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-13, 3-14 |
| 2016-17 | കെ.എസ്.എ/കെ.കെ.ഡി/ പി6/558/2018/തി04.05.18 | 23 | 2-1(1), 2-1(2), 2-2(1), 2-2(3), 2-3, 2-4(1), (2)(3), 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-15, |

| | | | |
|---|---|---|---|
| | | | 3-16, 3-17, 3-18, 3-19, 3-21, 3-23, 3-24 |
| 2017-18 | കെ.എസ്.എ/കെ.കെ.ഡി/ പി6/2670/2019/തി 26.07.19 | 15 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7,3-8, 3-9 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി2/899/2020/തി 24.09.2020 | 14 | 1-5, 1-7, 1-8, 1-9(3), 1-9(4), 1-10, 1-11, 1-13, 1-14, 1-15, 1-16,1-17, 1-18,1-19 |
| 2019-20 | കെ.എസ്.എ/കെ.കെ.ഡി/ പി2/1299/2021/തി 17/01/22 | 24 | 1-1, 1-2-1, 1-2-5, 1-2-6, 1-2-7, 1-4(1,2,3,4), 1-10(2), 1-11-1, 1-11-2, 1-11-3, 1-12, 1-15, 1-18, 1-19, 1-21, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി/പി2/ 1009/22 തീ 25-6-22 | 40 | 1-1 മുതൽ 1-40വരെ |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കായക്കൊടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്